ബാല കുസുമം
മാസിക

പുസ്തകം 12
ലക്കം 9
2025 സെപ്തംബർ

# മരണത്താഴ്‌വര!

അന്തരീക്ഷത്തിലെ തണുപ്പും ചൂടും അമിതമായാൽ മനുഷ്യർക്കും ഇതരജീവികൾക്കും ഭൂമിയിലെ ജീവിതം ദുസ്സഹമാവും. ഭൂമിയിൽ ഏറ്റവും കൂടിയ അന്തരീക്ഷതാപനില രേഖപ്പെടുത്തിയ പ്രദേശമാണ് അമേരിക്കയിലെ കിഴക്കൻ കാലിഫോർണിയയിലുള്ള ഡെത്ത്‌വാലി. 1913 ൽ 56.7 ഡിഗ്രി സെൽഷ്യസ് (134 ഡിഗ്രി ഫാരൻഹീറ്റ്) ചൂടാണ് ഇവിടെ രേഖപ്പെടുത്തിയത്. 49 ഡിഗ്രി സെൽഷ്യസിനു മുകളിലുള്ള താപനില വേനൽക്കാലത്ത് ഇവിടെ സാധാരണമാണ്. സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 282 അടി (86 മീറ്റർ) താഴെ സ്ഥിതി ചെയ്യുന്ന ഈ മരണത്താഴ്‌വര നിരവധി പർവതങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്നു. പാറക്കെട്ടുകളും മണൽക്കൂനകളും നിറഞ്ഞ ഈ പ്രദേശത്ത് കങ്കാരുഎലി, ക്രയോസോട്ട് ബുഷ് തുടങ്ങിയ അപൂർവയിനം ജീവികളെയും സസ്യങ്ങളെയും കാണപ്പെടാറുണ്ട്. പ്രദേശത്തിന്റെ അതുല്യമായ സവിശേഷതകളെക്കുറിച്ച് പഠിക്കാനും പര്യവേക്ഷണം നടത്താനും നിരവധിപേരാണ് കാലിഫോർണിയയിലെത്തുന്നത്.



# തർക്കം വേണ്ട

വഴിയോരത്ത് കാഴ്ചകൾ കണ്ടിരിക്കുകയായിരുന്നു രണ്ടു കുട്ടികൾ. വർത്തമാനങ്ങൾ പറയുന്നതിനിടയിൽ അവർ തർക്കത്തിലായി.

‘ആ കാണുന്ന സൂര്യനുണ്ടല്ലോ, അത് ഉദിക്കുമ്പോൾ വളരെ വലുതായിരിക്കും. വൈകുന്നേരമാകുമ്പോഴേക്കും ചെറുതായി, ചെറുതായാണ് അസ്തമിക്കുക.’ ഒരു കുട്ടി പറഞ്ഞു. അപ്പോൾ രണ്ടാമൻ അതിനെ എതിർത്തു. അവൻ പറഞ്ഞു:

‘ഹേയ്, അങ്ങനെയല്ല. ഉദിക്കുമ്പോൾ സൂര്യൻ വളരെ ചെറുതായിരിക്കും. പിന്നെ വലുതായി, വലുതായാണ് അസ്തമിക്കുക.’

ഒന്നാമൻ അതിനെ എതിർത്തു. തന്റെ വാദം ഉറക്കെ പറഞ്ഞു; രണ്ടാമൻ തന്റെ വാദവും ആവർത്തിച്ചു. അങ്ങനെ തർക്കം മൂത്തു. രണ്ടുപേർക്കും കലിയിളകി. എഴുന്നേറ്റ് അടിപിടി തുടങ്ങി. അപ്പോഴാണ് ഒരു ഗുരു അതുവഴി വന്നത്. അദ്ദേഹം രണ്ടുപേരെയും പിടിച്ചു മാറ്റി ചോദിച്ചു: ‘മക്കളേ, നിങ്ങളെന്തിനാണ് അടിപിടി കൂടുന്നത്?’

രണ്ടുപേരും വലിയ ശബ്ദത്തിൽ തങ്ങളുടെ വാദങ്ങൾ ആവർത്തിച്ചു. അപ്പോൾ




BALA KUSUMAM
CHILDRENS MONTHLY

Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846, 47
kusumammasika@gmail.com

- പബ്ലിഷർ
  പി. കുഞ്ഞഹമ്മദ്
- ചീഫ് എഡിറ്റർ
  സി.പി ശഫീഖ് ബുഖാരി
- എഡിറ്റർ
  ഇ.എം സുഫ്‌യാൻ ബുഖാരി
- ജനറൽ മാനേജർ
  കെ. ഉമർ മദനി
- സർക്കുലേഷൻ
  ശരീഫ് സഖാഫി എടയൂർ
- ഇല്ലസ്ട്രേഷൻസ്
  ശ്യാംദാസ്, ഷാജി എസ്.എം
- ഡിസൈൻ ലേ-ഔട്ട്
  അൻവർ സ്വാദിഖ് ബുഖാരി

ഗുരു പറഞ്ഞു: 'ആരുടെ വാദമാണ് ശരിയെന്നു തെളിയിക്കണമല്ലോ. നിങ്ങൾ ഒരു കാര്യം ചെയ്യുക. ഇന്ന് വൈകുന്നേരം സൂര്യൻ അസ്തമിക്കുമ്പോഴും നാളെ രാവിലെ ഉദിക്കുമ്പോഴും നിങ്ങൾ അടുത്തുപോയി ഒരു നൂലുകൊണ്ട് അതിനെ അളക്കുക. എന്നാൽ തർക്കം തീരുമല്ലോ.'

അതുകേട്ട് ഒന്നാമൻ പറഞ്ഞു: 'സൂര്യന്റെ അടുത്തുപോയി അളവെടുക്കാനോ? അതെങ്ങനെ കഴിയും. അതെത്രയോ അകലെയല്ലേ?'

രണ്ടാമൻ പറഞ്ഞു: 'അതൊരിക്കലും നടക്കുന്ന കാര്യമല്ല. എത്രയോ ദൂരെ



ആകാശത്താണല്ലോ സൂര്യൻ. അതിന്റെ അളവെടുക്കുന്നതെങ്ങനെ?'

അപ്പോൾ ഗുരു പുഞ്ചിരിച്ചു കൊണ്ടു പറഞ്ഞു: 'അതു ശരി, സൂര്യന്റെ അളവെടുക്കുകയെന്നത് വലിയ പ്രയാസമാണല്ലോ. പിന്നെ, എന്തടിസ്ഥാനത്തിലാണിങ്ങനെ വാദിച്ച് നിങ്ങൾ അടികൂടുന്നത്? മക്കളേ, നിങ്ങൾക്കറിയാത്തതും അറിയാൻ സാധിക്കാത്തതുമായ കാര്യങ്ങളെക്കുറിച്ചു വേണ്ടാതെ തർക്കിച്ച് പിണങ്ങുകയും അടി കൂടുകയും ചെയ്യുന്നത് വിഡ്ഢിത്തമല്ലേ? നല്ല നല്ല കാര്യങ്ങൾ എത്ര പറയാനുണ്ട് നിങ്ങൾക്ക്!'

അതുകേട്ട് കുട്ടികൾ ലജ്ജിച്ചു തല താഴ്ത്തി. വെറുതെ തർക്കിച്ചു കലഹിച്ചതിൽ ഖേദിച്ചു. നമുക്കിടയിലും ഉണ്ടാവില്ലേ ഇത്തരം ചില കുട്ടികൾ? അറിവില്ലാതെ വലിയ വലിയ കാര്യങ്ങൾ പറയുകയും തർക്കിക്കുകയും ചെയ്യുന്നവർ?!

**കവിത**

# നന്മകൾ ചെയ്യാം

**ഐ**ഹികലോകത്തുള്ളൊരു ജീവിതം
ആവർത്തിക്കില്ലറിയേണം.
സൽകർമ്മങ്ങളനേകം ചെയ്ത്
നല്ലവരായിത്തീരണം.

സമയം ഒരു തരി പാഴാക്കാതെ
നന്മകളാക്കി മാറ്റേണം.
നാളെ പരലോകത്തവ നിധിയായ്
നമുക്കു നേടാൻ കഴിയേണം.

പി.വി.എസ് പടിക്കൽ



സഫർ
അസ്സലാമു അലൈക്കും
വഅലൈക്കു മുസ്സലാം
ഹാശിറേ, നീയെന്തിനാ ആ ജമാലിന്റെ അവകാശം നിഷേധിച്ചത്?
ഞാനോ, ഞാനൊന്നും ചെയ്തില്ലല്ലോ!
നീയിപ്പോൾ ചെയ്തത് അതാണ്.
സലാം പറഞ്ഞതോ? അതൊരു അവകാശനിഷേധമാണോ?
അതേ.
സലാം പറഞ്ഞതെങ്ങനെയാ അവകാശനിഷേധമാകുന്നത്?
അതോ, സലാം പറയുന്നതിനും ചില മര്യാദകളുണ്ടെന്നു നിങ്ങൾക്കറിഞ്ഞുകൂടേ?



മര്യാദയോ, അതിനെന്തു മര്യാദയാ?
സലാം പറയുന്ന തിനു മുത്തുന ബി (സ) ചില മര്യാ ദകൾ നിർദ്ദേശി ച്ചിട്ടുണ്ട്.
നേരോ? എന്നാൽ അതെന്താണെന്നു പറഞ്ഞു താ.
ചെറിയവർ വലി യവർക്കു സലാം പറയണം.
അപ്പോ കുട്ടികൾ വലിയവർക്കാ ണോ സലാം പറ യേണ്ടത്?
അതേ. പിന്നെ... നടന്നുവരുന്നവർ ഇ രിക്കുന്നവർക്ക് സ ലാം പറയണം.
ആ അവകാശ മാണല്ലോ ഇ പ്പോൾ ഹാശിർ നിഷേധിച്ചത്.
അതേ, ചെറിയ സംഘവും വലിയ സംഘവും കണ്ടുമു ട്ടുമ്പോൾ ചെറിയ സംഘ ത്തിലുള്ളവർ വലിയ സംഘ ത്തിനു സലാം പറയണം.
ഇനിയുമുണ്ട്. വാഹന ത്തിൽ പോകുന്നവർ ന ടന്നു പോകുന്നവർക്ക് സലാം പറയണം.
അങ്ങനെയോ, ഇനി വല്ലതുമുണ്ടോ?


കൊള്ളാമല്ലോ. ഇതൊക്കെ വള രെ നല്ല മര്യാദ കൾ തന്നെ.
പിന്നെ, പരിചയമുള്ളവർക്കും ഇല്ലാത്തവർക്കും സലാം പറ യണമെന്നും മുത്തുനബി(സ) പഠിപ്പിച്ചിട്ടുണ്ട് കേട്ടോ.
കൂട്ടുകാരേ, ഒരു കാ ര്യം ചോദിച്ചോട്ടേ. ഈ സലാമിന്റെ അർത്ഥമെ ന്താണെന്നറിയാമോ നി ങ്ങൾക്ക്?
അതൊരു ആശംസയല്ലേ, ഗുഡ് മോണിംഗ് പോലെ?
വെറുമൊരു ആശംസയല്ല സലാം, അതൊരു പ്രാർത്ഥ ന കൂടിയാണ്.
എന്തു പ്രാർത്ഥന?
അല്ലാഹുവിൽ നി ന്നുള്ള രക്ഷയും സ മാധാനവും നിങ്ങൾ ക്കുണ്ടാവട്ടെ എന്ന പ്രാർത്ഥന.
എത്ര നല്ല പ്രാർ ത്ഥന, അല്ലേ?

# കേരം തിങ്ങും കേരളനാട്

ഷാക്കിർ തോട്ടിക്കൽ

കേരവൃക്ഷങ്ങളുടെ നാടാണ് നമ്മുടെ കേരളം. തടി, മടൽ, ഓല, ചകിരി, ചിരട്ട, കാമ്പ്, വെള്ളം തുടങ്ങി തെങ്ങിൽ നിന്ന് ലഭിക്കുന്നതെല്ലാം നമുക്ക് ഉപകാരമുള്ളതാണ്. അതുകൊണ്ടാണ് തെങ്ങിനെ കൽപവൃക്ഷം എന്നു പറയുന്നത്. പ്രകൃതിയിൽ നിന്നു ലഭിക്കുന്ന പരിശുദ്ധമായ പാനീയങ്ങളിലൊന്നാണ് ഇളനീർ. പല രോഗങ്ങൾക്കുമുള്ള സിദ്ധൗഷധം കൂടിയാണ് നാളികേരം എന്ന് പഠനങ്ങൾ തെളിയിക്കുന്നു.

## പച്ച സ്വർണം

തേങ്ങയ്ക്ക് പച്ച സ്വർണം എന്ന ഒരു വിളിപ്പേരു കൂടിയുണ്ട്. വാണിജ്യമേഖലയിലുള്ള തേങ്ങയുടെ പ്രാധാന്യം കണക്കിലെടുത്താണിത്. തെങ്ങുകൃഷിയും നാളികേര ഉത്പാദനവും കുറവായതിനാൽ വിപണിയിൽ തേങ്ങയ്ക്കിപ്പോൾ വിലയേറെയാണ്. വിലയേറുമ്പോൾ പച്ച സ്വർണമെന്ന പേരിനും പ്രസക്തിയേറുന്നു.

## നാളികേരദിനം

നാളികേരത്തിന്റെയും



## കേരഗവേഷണ സ്ഥാപനങ്ങൾ

1. കേരള അഗ്രികൾച്ചർ സർവകലാശാല – തൃശ്ശൂർ
2. തെങ്ങ് ഗവേഷണ കേന്ദ്രം – ബാലരാമപുരം
3. കേന്ദ്ര കയർഗവേഷണ കേന്ദ്രം – ആലപ്പുഴ
4. ദേശീയ കാർഷിക സഹകരണ വിപണന സംയുക്ത സമിതി– ന്യൂഡൽഹി
5. ദേശീയ കയർഗവേഷണ നിർമ്മാണ കേന്ദ്രം – തിരുവനന്തപുരം
6. സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് – കാസർഗോഡ്
7. നാളികേര വികസന ബോർഡ് – കൊച്ചി
8. കയർ ബോർഡ് – തിരുവനന്തപുരം
9. കയർ ഫെഡ് – ആലപ്പുഴ

നാളികേര വ്യവസായത്തിന്റെയും പ്രാധാന്യം തിരിച്ചറിയാനും പ്രോത്സാഹിപ്പിക്കാനുമായി 2009 മുതൽ എല്ലാ വർഷവും സെപ്റ്റംബർ 2ന് ലോക നാളികേരദിനമായി ആചരിക്കുന്നു. ലോകത്ത് എൺപതിലധികം രാജ്യങ്ങളിലായി 11 ദശലക്ഷം ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷിയുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ആഗോള നാളികേര ഉൽപാദനം 49 ബില്യണാണ്. അതിൽ 23 ശതമാനം മാത്രമാണ് ഇന്ത്യയിൽ ഉൽപാദിപ്പി

### തെങ്ങ്
### വ്യത്യസ്ത ഭാഷകളിൽ

ബംഗാളി – നാരിക്കെൽ
ഇംഗ്ലീഷ് – കോക്കനട്ട്
ഗുജറാത്തി – നാളികേരി
ഹിന്ദി – നാരിയൽ
കന്നട – തെങ്ങു
ഒറിയ – നാസിയ
പഞ്ചാബി – നര്യാൽ
തമിഴ് – തെന്നൈ
തെലുങ്ക് – തെങ്കായ്

ക്കുന്നത്. ഇന്തോനേഷ്യയും ഫിലിപ്പീൻസുമാണ് നാളികേര ഉൽപാദനരംഗത്ത് മുൻപന്തിയിലുള്ളത്. ഇന്ത്യയിൽ 16 സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണപ്രദേശങ്ങളിലുമായി 1.63 ദശലക്ഷം ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷിയുണ്ട്.

## തെങ്ങിനു വേണ്ടത്

കോക്കോസ് ന്യൂസിഫെറ എന്നാണ് തെങ്ങിന്റെ ശാസ്ത്രനാമം. ഒരു പുരുഷായുസ്സാണ് തെങ്ങിന്റെ ആയുസ്സെന്ന് കണക്കാക്കപ്പെടുന്നു. ഭൂമധ്യരേഖയുടെ 23 ഡിഗ്രി വടക്കും 23 ഡിഗ്രി തെക്കുമായി വ്യാപിച്ചുകിടക്കുന്ന ഉഷ്ണമേഖല പ്രദേശങ്ങളിലാണ് തെങ്ങ് ധാരാളമായി വളരുക. 50 മുതൽ 80 വരെ അടി നീളത്തിൽ വളരുന്ന വൃക്ഷമാണ് തെങ്ങ്. തെങ്ങ് നന്നായി വളരാൻ ഒരു വർഷം കുറഞ്ഞത് 1000 മി.മീറ്റർ മഴയും 2000 മണിക്കൂർ സൂര്യപ്രകാശവുമം വേണമെന്നാണ് കണക്ക്. എല്ലാ തരം മണ്ണുകളിലും വളരുമെങ്കിലും നല്ല നീർത്താഴ്ച്ചയുള്ള എക്കൽമണ്ണാണ് തെങ്ങുകൃഷിക്ക് അനുയോജ്യം. ആഴമുള്ള

## ഇളനീർ

പോഷകങ്ങളുടെ കലവറയാണ് ഇളനീർ. പ്രകൃതിദത്ത ഗ്ലൂക്കോസ് അടങ്ങിയ വിശിഷ്ടപാനീയമാണിത്.

**10 ഗ്രാം ഇളനീരിലെ പോഷകങ്ങൾ**

പൊട്ടാസ്യം – 321 മി.ഗ്രാം
സോഡിയം – 105 മി.ഗ്രാം
മാഗ്നീഷ്യം – 30 മി.ഗ്രാം
കാൽസ്യം – 29 മി.ഗ്രാം
സൾഫർ – 24 മി.ഗ്രാം
ഫോസ്ഫറസ് – 37 മി.ഗ്രാം
ക്ലോറിൻ – 183 മി.ഗ്രാം
ചെമ്പ് – 0.10 മി.ഗ്രാം



## തെങ്ങ് - പഴഞ്ചൊല്ലുകളിൽ

- തെങ്ങിടിച്ചാൽ പന വീഴും.
- തെങ്ങിനും കവുങ്ങിനും തളപ്പ് ഒന്നല്ല.
- തെങ്ങിനോളം വണ്ണം വച്ചാലും ഈർക്കിളോളം കാതൽ വേണം.
- തെങ്ങ് ചതിക്കില്ല.
- തെങ്ങുള്ള നാട്ടിൽ തേങ്ങയും കൊണ്ടുപൊയ്ക്കൂടാ.
- തേങ്ങയുണങ്ങിയാൽ പിണ്ണാക്ക്, എള്ളുണങ്ങിയാൽ എണ്ണ
- തേങ്ങ ചോരുന്നത് കാണില്ല; എള്ള് ചോരുന്നതേ കാണൂ.
- തേങ്ങ പത്തരച്ചാലും താളല്ലേ കറി.
- തേങ്ങയുടക്കേണ്ട ദിക്കിൽ ചിരട്ടയുടക്കുന്നതുപോലെ.
- മോങ്ങാനിരുന്ന നായയുടെ തലയിൽ തേങ്ങ വീണപോലെ.



സ്ഥലങ്ങളിലെ ചെമ്മണ്ണും കരിമണ്ണും ചെങ്കൽമണ്ണും തെങ്ങുകൃഷിക്കനുയോജ്യമാണ്. വിത്തുതേങ്ങ നടുമ്പോൾ നല്ല ഇനങ്ങൾ തെരഞ്ഞെടുക്കണം.

### തെങ്ങു രോഗങ്ങൾ

മനുഷ്യരായ നമ്മെപ്പോലെ തെങ്ങുകൾക്കും രോഗങ്ങളുണ്ടാവാറുണ്ട്. കൂമ്പുചീയൽ, കാറ്റുവീഴ്ച, കൂമ്പടപ്പ്, ഓലവാട്ടം എന്നീ രോഗങ്ങളെല്ലാം തെങ്ങിനെ ബാധിക്കാറുണ്ട്. മണ്ഡരി, പൂങ്കുലച്ചാഴി, വെരുതേനിപ്പുഴു, കൊമ്പൻചെല്ലി എന്നിവയെല്ലാം തെങ്ങിനെ ആക്രമിക്കുന്ന കീടങ്ങളാണ്.

അബൂതസ്നീം

# ഗസ്സക്കു വേണ്ടി

'അവർ ഞങ്ങളുടെ വീടുകൾക്കുമേൽ ബോംബിട്ടുകൊണ്ടിരിക്കുന്നു. ഇന്നലെയും മിനിയാന്നുമായി എന്റെ കൂട്ടുകാരിൽ പലരും മരിച്ചുപോയി. ഞങ്ങളുടെ വീടിനുമുകളിലും ബോംബ് വീണേക്കാം. അപ്പോൾ ഞാനും മരിച്ചുപോകും. പിന്നെ... എന്റെ പുസ്തകങ്ങളും ബാഗും ഉടുപ്പുകളുമൊക്കെ അതൊന്നുമില്ലാത്ത ഏതെങ്കിലും കുട്ടികൾക്ക് എത്തിച്ചു കൊടുക്കണേ. ഗസ്സയിലിപ്പോൾ എല്ലാം നഷ്ടപ്പെട്ട ഒത്തിരി കുട്ടികളുണ്ടെന്നാണ് കേട്ടത്. ഞങ്ങളുടെ ഉപ്പമാരെ മാത്രമല്ല; ഇക്കാക്കമാരെയും ഉമ്മമാരെയുമൊക്കെ അവർ കൊന്നുകൊണ്ടിരിക്കുകയാണല്ലോ. പിന്നെ, എന്റെ പ്രിയപ്പെട്ട പൂച്ചക്കുട്ടിയെ ആർക്കു കൊടുക്കണമെന്ന് പറയാൻ എനിക്കാവില്ല. പട്ടിണിയിലായ ആൾക്കാർക്കിപ്പോൾ ഒരു പൂച്ചക്കുട്ടിയെയും കൂടി പോറ്റാൻ കഴിയുമോ? ഒരു പക്ഷേ, ആ പൂച്ചക്കുട്ടിയും ഞങ്ങളോടൊപ്പം വെന്തെരിഞ്ഞു പോകുമായിരിക്കും; പാവം!'

ഗസ്സയിലെ റഫ എന്ന പെൺകുട്ടിയുടെ കുറിപ്പ് വായിച്ച് കുഞ്ഞുമോന്റെ കണ്ണുകൾ നിറഞ്ഞു. പാവം റഫ! അവളുടെ വീടിനുമുകളിലും ബോംബ് വീണിട്ടുണ്ടാകുമോ? അവളും മരിച്ചുപോയിട്ടുണ്ടാവുമോ? അതോർത്തപ്പോൾ അവനു കരച്ചിലടക്കാൻ കഴിഞ്ഞില്ല.

തേങ്ങൽ അടുക്കളയിലേക്ക് കേട്ടിട്ടുണ്ടാവും. ഉമ്മ



ഓടിവന്ന് അണച്ചുകൂട്ടി 'എന്താ മോനേ... എന്തുപറ്റി' എന്നു ചോദിച്ചപ്പോഴാണ് കുഞ്ഞുമോന് പരിസരബോധമുണ്ടായത്. എന്തിനാണ് കരയുന്നതെന്നു പറയാനാവാതെ അവൻ വീണ്ടും വീണ്ടും വിതുമ്പുകയായിരുന്നു. അപ്പോഴാണ് അവന്റെ കൈയിലെ ആ പേപ്പർതുണ്ട് ഉമ്മയുടെ കണ്ണിൽ പെട്ടത്. റഫയുടെ കുറിപ്പ് അച്ചടിച്ചു വന്ന ആ പേപ്പർതുണ്ട് കണ്ണീരിൽ നനഞ്ഞു കുതിർന്നിരുന്നു.

ഉമ്മ അതെടുത്തു വായിച്ചു. ഉമ്മയുടെ മുഖവും മ്ലാനമായല്ലോ. എങ്കിലും അതു മറച്ചുവെച്ചുകൊണ്ട് ഉമ്മ ചോദിക്കുന്നു: 'അയ്യേ, ഇത് വായിച്ചിട്ടാണോ മോൻ കരയുന്നത്? സാരല്ലാട്ടോ. ഇതുപോലെ പലതും ലോകത്ത് നടക്കുന്നുണ്ടല്ലോ.'

'ഉമ്മാ, എന്തിനാണി ങ്ങനെ ഗസ്സയിലെ ആൾക്കാരെയും കുഞ്ഞുങ്ങളെയും ബോംബിട്ടുകൊല്ലുന്നത്? ആരാണുമ്മാ അവരെ കൊല്ലുന്നത്?'

'ജൂതന്മാരാ മോനേ.'

'അവരെന്തിനാ ഇങ്ങനെ പാവങ്ങളെ കൊന്നൊടുക്കുന്നതുമ്മാ?'

'മോനേ, അതിത്തിരി ഏറെ പറയാനുള്ള കഥയാണ്. ഫലസ്തീനിലെ ജനങ്ങളെ മുഴുവൻ നശിപ്പിച്ച് ആ രാജ്യം സ്വന്തമാക്കാനാ അവർ ശ്രമിക്കുന്നത്. മോനേ, ലോകത്തിലെ ഏറ്റവും ക്രൂരരായ ദുഷ്ടന്മാരാണവർ. എവിടെയും രക്ഷ കിട്ടാതെ തെണ്ടി നടന്ന ആ വർഗ്ഗത്തിന് അഭയം നൽകിയത് ഫലസ്തീനികളാ. എന്നിട്ട് അവർ പിന്നെ അമേരിക്കയുടെയും മറ്റും സഹായത്തോടെ ശക്തരായി ഫലസ്തീനികളെ തുരത്താൻ തുടങ്ങി. അവരുടെ വീടുകൾ കൈയേറി. ലക്ഷക്കണക്കിന് ഫലസ്തീനികളെ കൊന്നൊടുക്കി. അങ്ങനെ ഇസ്രയേൽ എന്ന രാജ്യം വലുതാക്കി. ഇപ്പോ ബാക്കിയുള്ള ഫലസ്തീനികൾ ഗസ്സയിലാണുള്ളത്. അവിടെയും അവർക്ക് സ്വൈരം കൊടുക്കില്ലെന്നാണ് ജൂതന്മാരുടെ വാശി. പതിനായിരക്കണക്കിന് കുഞ്ഞുങ്ങളെയാണവർ കൊന്നൊടുക്കിയത്. ഇന്ന് ഗസയിൽ ബാക്കിയുള്ള ജനങ്ങൾ പട്ടിണിയിലാണ് മോനേ. പട്ടിണി കിടന്ന് എല്ലും തൊലിയുമായ കുഞ്ഞുങ്ങളുടെ ചിത്രങ്ങൾ മോൻ പത്രങ്ങളിലും മറ്റും കണ്ടില്ലേ? ആ പാവങ്ങളെ മുഴുവൻ ബോംബിട്ടു കൊന്നുകൊണ്ടിരിക്കുകയാണ് ഇസ്രായേൽ പട്ടാളം. ഫലസ്തീനികളുടെ രാജ്യത്തിന്റെ മുക്കാൽഭാഗവും ഇപ്പോൾ അവരുടെ കൈയിലാണ്. ബാക്കി കാൽഭാഗം കൂടി കീഴടക്കാനാണിപ്പോൾ അവർ തുനിഞ്ഞിറങ്ങിയിരിക്കുന്നത്. ബോംബിട്ടും പട്ടിണിക്കിട്ടും അവർ ജനങ്ങളെ ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്.'

'എന്നിട്ട് ഇതൊന്നും തടയാൻ ആരും വരാത്തതെന്താണുമ്മാ?'

'ലോകത്തെ വൻശക്തികളൊക്കെ അവരുടെ കൂടെയാണ് മോനേ. അതുകൊണ്ട് ആ ദുഷ്ടന്മാരെ നിയന്ത്രിക്കാൻ ആർക്കും കഴിയു



പടച്ചതമ്പുരാനോട് ദുആ ഇരക്കാം, അവർക്കു രക്ഷ നൽകാൻ... അവരുടെ ശത്രുക്കളായ ജൂത ഭീകരന്മാരെ തകർക്കാൻ.

നമ്മുടെ ഉസ്താദ് ആ ദിവസം നോമ്പുനോറ്റ് ഫലസ്തീനികളുടെ രക്ഷക്കായി പ്രാർത്ഥിക്കാൻ പറഞ്ഞത് മോനോർമ്മയില്ലേ? അന്ന് നമ്മളൊക്കെ നോമ്പ് നോറ്റു ദുആയിരന്നല്ലോ. ഇനിയും അവരുടെ രക്ഷയ്ക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കണം. അവർ നമ്മുടെ സഹോദരങ്ങളാണല്ലോ. പിന്നെ ഒരു കാര്യം കൂടി ചെയ്യാനുണ്ട്.'

'അതെന്താണുമ്മാ?'

'ഇസ്രായേലിലെ കമ്പനികൾ ഉണ്ടാക്കുന്ന പല സാധനങ്ങളും നമ്മുടെ നാട്ടിലെ കടകളിൽ കാണാം. അവ

ന്നില്ല.'

'പാവം, ഗസ്സയിലെ ജനങ്ങൾ; അല്ലേ ഉമ്മാ? അവർക്കുവേണ്ടി നമ്മൾക്കെന്തെങ്കിലും ചെയ്യാൻ കഴിയുമോ?'

'എന്തുചെയ്യാനാ കുഞ്ഞ്യോനേ, നമ്മൾക്ക്

യൊന്നും വാങ്ങാതിരിക്കാം. ഫലസ്തീനിലെ കുഞ്ഞുങ്ങളുടെയും സ്ത്രീകളുടെയും ചോരയൂറ്റി തടിച്ചുകൊടുത്ത ഇസ്രയേലികളുടെ ഉത്പന്നങ്ങൾ പൂർണ്ണമായി ബഹിഷ്കരിക്കാം. എല്ലാവരും ഇത്തരം സാധനങ്ങൾ വാങ്ങാതിരിക്കുകയാണെങ്കിൽ ചെറിയ നിലക്കെങ്കിലും അവർക്ക് നഷ്ടമുണ്ടാക്കാം. അങ്ങനെ നമുക്കവരോടുള്ള ദേഷ്യമെങ്കിലും പ്രകടിപ്പിക്കാം.'

'എന്തൊക്കെ സാധനങ്ങളാണ് ഇസ്രായേലികളുടേതായി കടകളിലുള്ളതെന്ന് ഉമ്മാക്കറിയുമോ?'

'എല്ലാമൊന്നുമറിയില്ല. ചിലതൊക്കെ അറിയാം. അതു പറഞ്ഞുതന്നാൽ മോനത് വാങ്ങാതിരിക്കുമോ?'

'ഉമ്മാ, ആ ജൂതന്മാരുണ്ടാക്കുന്ന ഒരു സാധനവും ഇനിയെനിക്കു വേണ്ട. ഉമ്മ ഒന്നു പറഞ്ഞുതന്നാട്ടേ, അതെന്തൊക്കെയാണെന്ന്.'

'മോനിഷ്ടപ്പെട്ട ലെയ്സ് ഇസ്രയേലികളുടേതാ.'

'ലെയ്സോ? അതവരുടെതാണോ? എന്നാൽ ഞാനിനി ലെയ്സ് വാങ്ങിക്കഴിക്കുകയില്ലുമ്മാ. പിന്നെ എന്തൊക്കെയാ?'

'മിൽക്കിബാറും അവരുടെതാ.'

'ഹോ! എനിക്കും കുഞ്ഞോള്യാൾക്കും ഇഷ്ടപ്പെട്ട മിഠായിയാണല്ലോ അത്.'

'ഇഷ്ടമുള്ളതാണെങ്കിലും ഒഴിവാക്കാൻ നമുക്ക് കഴിയണം മോനേ.'

'എന്നാൽ ഞാനിനി മിൽക്കിബാറും കഴിക്കില്ലുമ്മാ.'

'നല്ല മോൻ! പിന്നെയും ധാരാളം ഉൽപ്പന്നങ്ങളുണ്ട്. ഏരിയൽ, ഡോവ്, ഫന്റ, നിഡോ, കൊക്കക്കോള, നെസ്കഫേ, നിവ്യ, ഒറിയോ തുടങ്ങിയവയൊക്കെ ഇസ്രായേൽ കമ്പനി ഉൽപ്പന്നങ്ങളാണ്. മോൻ ആരോടെങ്കിലും ചോദിച്ചു കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കിക്കോ. ഉമ്മാക്ക് ഇത്രയൊക്കെ അറിയൂ.'

'ഞാനിന്നു തന്നെ മാമനോട് ചോദിക്കും ഉമ്മാ. എന്നിട്ട് കൂട്ടുകാരോടൊക്കെ പറയും, ഇസ്രയേൽ കമ്പനികളുണ്ടാക്കുന്ന ഒരു സാധനവും വാങ്ങരുതെന്ന്. അങ്ങനെയെങ്കിലും നമ്മൾക്ക് ആ ദുഷ്ടന്മാരോട് പ്രതികാരം വീട്ടാമല്ലോ.'

**നബികഥ**

# നഷ്ടപരിഹാരം

**ഹു**നൈൻ യുദ്ധവേളയിൽ പ്രവാചകർ ഒരു തിരക്കിലകപ്പെട്ടു. കട്ടിയുള്ള ചെരുപ്പണിഞ്ഞ ഒരു സ്വഹാബി അറിയാതെ തിരുപാദത്തിൽ ചവിട്ടി. അപ്പോൾ അവിടുന്ന് കയ്യിലുണ്ടായിരുന്ന ചെറിയൊരു വടികൊണ്ട് അദ്ദേഹത്തെ ഒന്നു തട്ടിക്കൊണ്ട് പറഞ്ഞു: 'അല്ലാഹുവിന്റെ നാമത്തിൽ പറയട്ടെ, നിങ്ങളെന്നെ വേദനിപ്പിച്ചുവല്ലോ!'

അബദ്ധത്തിൽ തിരുപാദത്തിൽ ചവിട്ടിപ്പോയ ആ സ്വഹാബിക്ക് വല്ലാത്ത കുറ്റബോധം അനുഭവപ്പെട്ടു. ആ രാത്രി അദ്ദേഹം ദുഃഖിതനായി കഴിച്ചുകൂട്ടി. അല്ലാഹുവിന്റെ ദൂതരെ ഞാൻ വേദനിപ്പിച്ചുവോ? അവിടുന്നെന്നോട് ദേഷ്യപ്പെടുമോ? അദ്ദേഹം വ്യാകുലപ്പെട്ടു. പ്രഭാതമായപ്പോൾ തിരുനബി(സ) ആ സ്വഹാബിയെ അന്വേഷിച്ചു. പേടിയോടെ തിരുസവിധത്തിൽ ചെന്നപ്പോൾ പറഞ്ഞു: 'ഇന്നലെ അബദ്ധത്തിൽ താങ്കൾ എന്നെ ചവിട്ടിപ്പോയിരുന്നല്ലോ. വേദനിച്ചപ്പോൾ ഞാനെന്റെ വടി കൊണ്ട് താങ്കളെയൊന്നു തട്ടുകയും ചെയ്തു. അതിനു പകരമായി ഇത് നിങ്ങൾക്കുള്ള സമ്മാനമാണ്.' തിരുനബി(സ) അദ്ദേഹത്തിന് 80 കാലികളെ സമ്മാനിച്ചു പറഞ്ഞയച്ചു.

ഹരീഷ് ആർ നമ്പൂതിരിപ്പാട്

'**ഏ**യ്, കൂട്ടുകാരേ! നമ്മുടെ പുലിയച്ചൻ കാടുവിട്ടുപോയതറിഞ്ഞില്ലേ? പുലിയച്ചൻ കഴിഞ്ഞിരുന്ന ഗുഹയിപ്പോൾ ഒഴിഞ്ഞു കിടക്കുകയാണ്. നമുക്ക് ഒളിച്ചുകളിക്കാൻ പറ്റിയ സ്ഥലമാണത്.' സൂത്രൻ കുറുക്കൻ കൂട്ടുകാരോട് പറഞ്ഞു.

'വമ്പൻപുലിയച്ചൻ കാടുവിട്ട്,
എങ്ങോട്ടുപോയെന്നറിഞ്ഞുകൂടാ.
നമ്മൾക്കൊളിച്ചുകളിച്ചിടുവാൻ
നല്ല സ്ഥലം കിട്ടി കൂട്ടുകാരേ!'

# പുലിവാൽ



അതു കേട്ട് ചിപ്പുക്കുരങ്ങൻ ചോദിച്ചു: 'അമ്പട സൂത്രക്കാരാ, പുലിയച്ചൻ പറഞ്ഞിട്ട് വന്നിരിക്കുകയാണല്ലേ?'

'ഏയ്, അല്ലല്ല. വരൂ, ഞാൻ തെളിവു കാണിക്കാം' എന്നു പറഞ്ഞ് സൂത്രൻ പുലിയച്ചന്റെ ഗുഹയ്ക്കകത്തുകയറി ചപ്പുചവറുകൾ കൂട്ടി തീയിട്ടു.

'കണ്ടില്ലേ, കൂട്ടരേ! ഗുഹയിലില്ല
ഈച്ചയും പൂച്ചയും പുലിയുമില്ല.
ഓടിക്കളിക്കാം, ഒളിച്ചുകളിക്കാം
ആരെയും നമ്മൾ ഭയന്നിടണ്ടാ.'

കുറുക്കച്ചൻ ഉറപ്പുനൽകിയപ്പോൾ അവർ സന്തോഷത്തോടെ ഗുഹയിൽ ഒളിച്ചുകളി ആരംഭിച്ചു. അങ്ങനെ ദിവസങ്ങൾ കടന്നുപോയി. ഒരു ദിവസം പതിവുപോലെ ഗുഹയ്ക്കടുത്തെത്തിയപ്പോൾ മുറ്റത്തതാ പുലിയച്ചന്റെ കാൽപ്പാടുകൾ! കുരങ്ങച്ചൻ കൂട്ടുകാരോട് പറഞ്ഞു:

'കൂട്ടരേ, സൂക്ഷിച്ചിടേണം നമ്മൾ
ഇന്നു ഗുഹയിൽ കയറീടുവാൻ.
മുറ്റത്തു കണ്ടില്ലേ നിങ്ങളെല്ലാം
പുലിയുടെ കാൽപാടുകളനേകം.'



ഇതെല്ലാം ഗുഹയ്ക്കകത്തിരുന്ന് പുലിയച്ചൻ കേൾക്കുന്നുണ്ടായിരുന്നു.

'പുലി തിരിച്ചെത്തിയിട്ടുണ്ടാവും. ഇത് പുലിയച്ചന്റെ കാല്പാടുകൾ തന്നെ!' കുരങ്ങൻ ഉറപ്പിച്ചു പറഞ്ഞു.

'എങ്കിൽ നമുക്ക് കയറണ്ട' എന്നു പറഞ്ഞ് എല്ലാവരും തിരിച്ചുപോയി.

അടുത്തദിവസം സൂത്രക്കാരനായ പുലിയച്ചൻ ഗുഹക്കുപുറത്തെ കാൽപ്പാടുകളെല്ലാം മായ്ച്ചുകളഞ്ഞു. കുറച്ചുദിവസം കഴിഞ്ഞ് ചിപ്പുക്കുരങ്ങനും കൂട്ടുകാരും ഗുഹയുടെ സമീപത്തെത്തിയപ്പോൾ അവിടെ പുലിയു

ടെ കാൽപ്പാടുകളൊന്നും കാണാൻ കഴിഞ്ഞില്ല. ഗുഹക്കു പുറത്ത് കരിയിലകൾ കൂട്ടിയിട്ടു കത്തിച്ചുനോക്കിയപ്പോഴും അനക്കമൊന്നുമില്ല. കുറുക്കൻ ഗുഹയുടെ ചുറ്റുപാടുമൊന്നു നിരീക്ഷിച്ച് ഉറക്കെ ചൊല്ലി:

'കാട്ടിലെ വീരൻ പുലിയച്ഛാ!
യാത്രകഴിഞ്ഞിങ്ങെന്നെത്തി?
ഞങ്ങളൊളിച്ചു കളിച്ചിടുവാൻ
ഗുഹയ്ക്കകത്തു കടന്നോട്ടേ?'

അപ്പോഴും അനക്കമൊന്നും കേട്ടില്ല. അപ്പോഴാണ് കുറുക്കന് ഒരു സൂത്രം തോന്നിയത്. ഗുഹയ്ക്കകത്തേക്കു കേൾക്കുന്ന വിധത്തിൽ കുറുക്കൻ പറഞ്ഞു: 'പുലിയച്ഛൻ പോകുമ്പോൾ വാൽ പുറത്തുവച്ചിട്ടാണ് പോകാറുള്ളത്. പുലി ഇവിടെയില്ലെങ്കിൽ വാൽ എവിടെയെങ്കിലും കാണേണ്ടതാണ്. വാൽ കാണുന്നില്ലെങ്കിൽ പുലിയച്ഛൻ അകത്ത് ഒളിച്ചിരിക്കുകയാവും.'

ചിപ്പുവും കൂട്ടുകാരും വാൽ കാണാതെ തിരിച്ചുപോയാലോ എന്നാലോചിച്ച് മണ്ടനായ പുലിയച്ഛൻ ഗുഹയുടെ പൊത്തിലൂടെ വാൽ പുറത്തേക്ക് നീട്ടി. അപ്പോൾ എല്ലാവർക്കും കാര്യം മനസ്സിലായി.

'ഓടിക്കോളൂ കൂട്ടുകാരേ' എന്നുപറഞ്ഞ് എല്ലാവരും ഉടനെ അവിടെനിന്ന് രക്ഷപ്പെട്ടു.

## ഉപ്പേരി



ഉമ്മ വറുത്തോരുപ്പേരി
ഏത്തക്കായുടെയുപ്പേരി
മധുരം കൊണ്ടൊരു കോട്ടിട്ടപ്പോൾ
ആഹാ ശർക്കരയുപ്പേരി

സലാം തിരുമല

## കറങ്ങുന്ന ഭൂമി

**ഹൗ!** എത്ര പെട്ടെന്നാണ് ഒരുദിവസം കടന്നുപോയതെന്ന് പലപ്പോഴും നാം ചിന്തിക്കാറുണ്ട ല്ലോ. അതൊന്നും വെറും തോ ന്നലല്ലെന്ന് തെളിയിക്കുകയാണ് പുതിയ പഠനം. ഭൂമിയുടെ ഭ്രമണ ത്തിന് വേഗത കൂടിയിരിക്കുന്നു



വെന്നാണ് ശാസ്ത്രജ്ഞർ പറയു ന്നത്. 2020 മുതലാണ് ഭൂമിയുടെ ഭ്രമണവേഗത്തിൽ ഈ മാറ്റങ്ങൾ ദൃശ്യമായതെന്നും ഈ പ്രവണത തുടർന്നാൽ 2029 ആകുമ്പോഴേ ക്കും ക്ലോക്കുകളിൽനിന്ന് ഒരു ലീപ് സെക്കൻഡ് ഒഴിവാക്കേണ്ടി വന്നേക്കുമെന്നുമാണ് വിദഗ്ധരു ടെ വിലയിരുത്തൽ.

ഭൂമിക്ക് സ്വന്തം സാങ്കൽപിക അച്ചുതണ്ടിൽ കറങ്ങാനാവശ്യ മായ സമയമാണ് നമ്മുടെ ഒരു ദിവസം. സൂര്യന്റെയും ചന്ദ്രന്റെ യും സ്ഥാനങ്ങൾ, ഭൂമിയുടെ കാന്തികക്ഷേത്രത്തിലെ മാറ്റങ്ങൾ തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ഭൂമി യുടെ ഭ്രമണത്തെ ബാധിക്കുന്നുണ്ട്. ഇതിനുപുറമെ, ഭൂകമ്പങ്ങൾ, അഗ്നിപർവത സ്ഫോടനങ്ങൾ, വേലിയേറ്റങ്ങൾ, ഭൂഗർഭത്തിലെ മാറ്റങ്ങൾ തുടങ്ങി പല കാര്യങ്ങൾ ക്കും ഭൂമിയുടെ കറക്കത്തെ സ്വാ ധീനിക്കാൻ കഴിയും.

ഏകദേശം ഒരു ബില്യൺമു തൽ രണ്ടുബില്യൺവരെ വർ ഷങ്ങൾക്കു മുമ്പ് ഭൂമിയിലെ ഒരുദിവസം 19 മണിക്കൂർ മാത്ര മായിരുന്നുവെന്നും മേൽപ്പറഞ്ഞ ഘടകങ്ങളുടെ പ്രവർത്തനഫലമാ യാണ് ഭ്രമണവേഗം കുറഞ്ഞ് 24 മണിക്കൂറായി പരിണമിച്ചതെന്നും ശാസ്ത്രലോകം മുമ്പേ കണ്ടെ ത്തിയിട്ടുണ്ട്. ദിനോസറുകൾ ജീവിച്ചിരുന്ന കാലഘട്ടത്തിൽ 23 മണിക്കൂറായിരുന്നത്രേ ഒരുദിവ സത്തിന്റെ ശരാശരി ദൈർഘ്യം. നിലവിലെ വേഗം അധികകാലം നീണ്ടുനിൽക്കില്ലെന്നും ഭ്രമണം സാവധാനത്തിലാകുകയെന്നതാ ണ് ഭൂമിയുടെ സ്വാഭാവികപ്രവ ണതയെന്നും വിദഗ്ധർ വ്യക്ത മാക്കുന്നു. ഇരുനൂറ് ദശലക്ഷം വർഷം കഴിയുമ്പോൾ ഭൂമിയിലെ ഒരുദിവസം ഏകദേശം 25 മണി ക്കൂർ ദൈർഘ്യമുള്ളതാകുമെന്നാ ണ് പ്രവചനം.


കണ്ടാൽ പാവം
വീടിന്റെ ചുമരിലുള്ള മാളത്തിൽ മൂന്ന് എലികൾ താമസിച്ചിരുന്നു.
വീട്ടുകാരൻ വരുന്നുണ്ട്.
അകത്തേക്ക് ഓടിക്കോ.
ഹ ഹ! വീട്ടിലെ എലിശല്യം വൈകാതെ തീരും.
മ്യാവൂ...
പൂച്ചയെ കണ്ടപ്പോൾ എലികൾക്ക് പേടിയായി.
നമ്മുടെ കഷ്ടകാലം തുടങ്ങി!
നല്ല ഒന്നാന്തരം പൂച്ചയാണെന്ന് തോന്നുന്നു.
കുറച്ചുദിവസം കഴിഞ്ഞപ്പോൾ,
ങുർ... ങുർ...
ഇവനൊരു മടിയനാണ്.
മുഴുസമയം ഉറക്കം തന്നെ!
അതെയതെ!


ഇതൊരു സന്യാസിപ്പൂച്ചയാണ്. ഞാൻ ഒന്നു സംസാരിച്ചു വരാം.
വേണ്ട സുഹൃത്തേ, അപകടമാണ്. സൂക്ഷിക്കണം.
കൂട്ടുകാർ പറഞ്ഞത് കേൾക്കാതെ അവൻ പൂച്ചയുടെ മുന്നിലെത്തി
ഹായ്! പൂച്ചച്ചേട്ടാ!
മ്യാവൂ...
ഒറ്റച്ചാട്ടത്തിന് പൂച്ച അവനെ പിടികൂടി.
ഹഹ! പൂച്ച പണി തുടങ്ങി.
തട്ടിൻപുറത്ത് ഒരു പല്ലി ഈ രംഗങ്ങളെല്ലാം കാണുന്നുണ്ടായിരുന്നു.
പുറംമോടി കണ്ടു മയങ്ങിയാൽ ഇതു തന്നെ ഫലം!
കഷ്ടം!

റൈഹാൻ

സമസ്ത ചരിത്രം - 22

# വാണിയമ്പലം അബ്ദുറഹ്മാൻ മുസ്‌ലിയാർ

**പു**ത്തൻവാദികളുടെ പേടിസ്വപ്നമായിരുന്നു വാണിയമ്പലം അബ്ദുറഹ്മാൻ മുസ്‌ലിയാർ. വഹാബി, ജമാഅത്തെ ഇസ്‌ലാമി, തബ്‌ലീഗ് തുടങ്ങിയ പുത്തൻ പ്രസ്ഥാനക്കാർ പല പ്രദേശങ്ങളിലും ചെന്ന് തങ്ങളാണ് യഥാർത്ഥ മുസ്‌ലിംകൾ എന്ന് പ്രസംഗിച്ചു ജനങ്ങളെ വഴിതെറ്റിക്കുന്ന കാലം. വാണിയമ്പലം ഉസ്താദ് അവർക്കു മറുപടി പറയാനിറങ്ങി. നാടുനീളെ പ്രസംഗിച്ചു. പുത്തൻ വാദികളുടെ വാദങ്ങൾക്ക് അക്കമിട്ടു മറുപടി പറയുന്ന രീതിയായിരുന്നു ഉസ്താദിന്റേത്. അതുകൊണ്ടുതന്നെ വാണിയമ്പലം ഉസ്താദിന്റെ പ്രസംഗം കേട്ടു കഴിഞ്ഞാൽ പിന്നെ ജനങ്ങളുടെ മനസ്സിൽ സംശയങ്ങളൊന്നും ബാക്കിയായിരുന്നില്ല. മനോഹരമായ ശൈലിയിൽ കാര്യങ്ങൾ അവതരിപ്പിക്കുന്ന ഉസ്താദിന്റെ പ്രസംഗം എത്ര കേട്ടാലും ജനങ്ങൾക്കു മതിവരാറുണ്ടായിരുന്നില്ല.

അദ്ദേഹത്തിന്റെ പിതാവ് മമ്മദ് മുസ്‌ലിയാരും നല്ല പ്രഭാഷകനായിരുന്നു. വയനാട്ടിൽ ഒരു കള്ളശൈഖിനെതിരെ നിശിതമായ പ്രഭാഷണം നടത്തിയതിന്റെ പേരിൽ അദ്ദേഹത്തിനെതിരെ കേസ് വന്നു. ബ്രിട്ടീഷ് പട്ടാളം അദ്ദേഹത്തെ അറസ്റ്റ് ചെയ്തു വെല്ലൂരിലേക്ക് നാടുകടത്തി. 1921 ലായിരുന്നു ഈ സംഭവം. അന്ന് കുട്ടിയായിരുന്ന അബ്ദുറഹ്മാൻ പിന്നെ വെല്ലൂരിലാണ് വളർന്നത്. വെല്ലൂർ ബാഖിയാത്തുസ്സ്വാലിഹാത്ത് കോളേജിൽനിന്ന് അറബി, ഉറുദു, ഇംഗ്ലീഷ്, പേർഷ്യൻ ഭാഷകൾ പഠിച്ചു. 1935ൽ കേരളത്തിലേക്ക് തിരിച്ചുവന്ന് കണ്ണിയത്തുസ്താദിന്റെയും സ്വദഖതുല്ല ഉസ്താദിന്റെയും ശിഷ്യത്വം സ്വീകരിച്ചു പഠനത്തിൽ മുഴുകി. പി



ന്നെ, വീണ്ടും വെല്ലൂരിൽ പോയി ബിരുദം നേടി വന്നു. വെട്ടിക്കാട്ടിരി, കക്കാട്, വാണിയമ്പലം തുടങ്ങിയ സ്ഥലങ്ങളിൽ മുദരിസായി സേവനമനുഷ്ഠിച്ചു. വാണിയമ്പലത്ത് ദർസ് നടത്തിയതിനാലാണ് പിന്നീട് ആ പ്രദേശത്തിന്റെ പേരിൽ ഉസ്താദ് അറിയപ്പെടാൻ തുടങ്ങിയത്. പിന്നെ അവിടെത്തന്നെ സ്ഥിരതാമസമാക്കുകയും ചെയ്തു.

ആദ്യകാലത്തെ സമസ്തയുടെ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു ഉസ്താദ്. സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ് പ്രസിഡന്റ്, ജംഇയ്യത്തുൽ മുഅല്ലിമീൻ കേന്ദ്ര കൗൺസിൽ പ്രസിഡന്റ് തുടങ്ങിയ പദവികൾ അലങ്കരിച്ചിട്ടുണ്ട്. അങ്ങേയറ്റം വിനയാന്വിതനായിരുന്ന ഉസ്താദിന് സാധാരണ പ്രവർത്തകരോടൊപ്പം പ്രവർത്തിക്കാനായിരുന്നു ഇഷ്ടം. കാൽനടയായും പൊതുബസ്സുകളിൽ കയറിയും വളരെ കഷ്ടപ്പെട്ടായിരുന്നു പല പ്രദേശങ്ങളിലും ഉസ്താദ് പ്രസംഗത്തിനെത്തിയിരുന്നത്.

ഇന്ത്യയുടെ പല ഭാഗങ്ങളിലും ഗൾഫ്നാടുകളിലും മലേഷ്യയിലുമൊക്കെ സഞ്ചരിച്ച് അദ്ദേഹം ശേഖരിച്ച പണം ഉപയോഗിച്ചാണ് ആദ്യകാലത്ത് സമസ്തയുടെ കോഴിക്കോട്ടെയും ചേളാരിയിലെയും ആസ്ഥാനങ്ങൾ സ്ഥാപിതമായത്. ജീവിതകാലം മുഴുവൻ സുന്നത്ത് ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്കായി വിശ്രമിക്കാതെ കർമ്മനിരതനായ ആ മഹാത്മാവ് 1980 ഡിസംബർ നാലിന് ഈ ലോകത്തോട് വിട പറഞ്ഞു.

**നബികഥ**

# പരലോകം മതി

**ഉ**മർ(റ) ഒരിക്കൽ തിരുനബി(സ)യുടെ വീട്ടിലെത്തി. മുത്തുനബി(സ) അപ്പോൾ പരുപരുപ്പുള്ള ഒരു പായയിൽ കിടക്കുകയായിരുന്നു. തിരുമേനിയിൽ ആ തഴപ്പായയുടെ അടയാളങ്ങൾ പതിഞ്ഞിട്ടുണ്ട്. വീടിനകത്ത് അല്പം സാധനങ്ങൾ മാത്രമാണുണ്ടായിരുന്നത്. ഇതെല്ലാം കണ്ട് നിറകണ്ണുകളോടെ ഉമർ(റ) ചോദിച്ചു:

'ഇതെന്താണ് നബിയേ? അങ്ങ് അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട നേതാവല്ലേ! അല്ലാഹുവിന്റെ സൃഷ്ടികളിൽ ഉന്നത പദവിയിലുള്ളവരല്ലേ! കിസ്റയും കൈസറും എത്ര പ്രൗഢിയിലാണ് ജീവിക്കുന്നത്!'

പുഞ്ചിരിയോടെ മുത്തുനബി(സ) പറഞ്ഞു: 'ഉമറേ, നിങ്ങൾ പരാമർശിച്ച കൂട്ടർക്ക് അല്ലാഹു അളവറ്റ അനുഗ്രഹങ്ങൾ നൽകിയിരിക്കുന്നല്ലോ. ഈ ലോകത്തെ സുഖാഢംബരങ്ങൾ മാത്രമാണ് അവയെല്ലാം. ഈ ലോകം അവർക്കും പരലോകം നമുക്കും ലഭിക്കുന്നതിൽ താങ്കൾ തൃപ്തനല്ലേ?'

ഉമർ(റ) പറഞ്ഞു: 'തീർച്ചയായും റസൂലേ... അല്ലാഹുവിന് സ്തുതി!'




ഹോജ
എങ്ങോട്ടോ ധൃതിയിൽ ഓടുകയായിരുന്നു ഹോജ.
ഏയ്! ഹോജാ, ഒന്ന് നിൽക്കൂ. എങ്ങോട്ടാണിത്ര വേഗത്തിൽ ഓടുന്നത്?
ദൂരെ നിന്ന് എന്റെ ശബ്ദം കേൾക്കാൻ നല്ല രസമുണ്ടെന്ന് ചങ്ങാതി പറഞ്ഞു. അതു കേൾക്കാൻ ഓടുകയാ.
ങേ



ഡോ. എസ് രാധാകൃഷ്ണൻ

# മാതൃകാ അധ്യാപകൻ

അബ്ദുസ്സലാം മണ്ണാർക്കാട്

‘**ഡോ.** എസ് രാധാകൃഷ്ണന്റെ അസാധാരണമായ കഴിവുകൾ പലവിധത്തിൽ നമ്മുടെ രാജ്യത്തിന് മുതൽക്കൂട്ടായിട്ടുണ്ട്. പഠിക്കുകയും നമ്മെ പഠിപ്പിക്കുകയും ചെയ്ത മഹാനായ അധ്യാപകനായിരുന്നു രാധാകൃഷ്ണൻ. ഇന്ത്യ കണ്ടതിൽ വെച്ചേറ്റവും ശ്രേഷ്ഠനായ തത്വചിന്തകനും വിദ്യാഭ്യാസവിചക്ഷണനും മനുഷ്യസ്നേഹിയുമാണ് നമ്മുടെ പ്രസിഡന്റ്. അദ്ദേഹത്തിന്റെ രാഷ്ട്രപതി സ്ഥാനം കൊണ്ട് രാജ്യം അനുഗൃഹീതമായിരിക്കുന്നു.’ ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റേതാണീ വാക്കുകൾ.

നമ്മുടെ രാഷ്ട്രപിതാവായിരുന്ന ഡോ. സർവേപള്ളി രാധാകൃഷ്ണന്റെ ജന്മദിനം ഇന്ത്യയിൽ ദേശീയ അധ്യാപകദിനമായി ആചരിക്കുന്നു. ആന്ധ്രയിലെ തിരുത്താനി എന്ന ഗ്രാമത്തിൽ 1888 സെപ്റ്റംബർ അഞ്ചിനായിരുന്നു അദ്ദേഹത്തിന്റെ ജനനം. അറിവിനെ സ്നേഹിക്കുകയും ലളിതജീവിതം ചിട്ടപ്പെടുത്തി മാതൃകാപരമായ പ്രവർത്തനം കാഴ്ചവെക്കുകയും ചെയ്ത ബഹുമുഖപ്രതിഭയായിരുന്നു അദ്ദേഹം. അധ്യാപനകലയെയും വിദ്യാർത്ഥികളെയും അദ്ദേഹം ഏറെ സ്നേഹിച്ചു.

സൂര്യോദയത്തിനു വളരെ മുമ്പേ എണീറ്റ് രാധാകൃഷ്ണൻ ധ്യാനത്തിൽ മുഴുകും. കുട്ടിക്കാലം മുതൽ





വായന അദ്ദേഹത്തിന് ലഹരിയായിരുന്നു. കോളേജ് പഠനകാലത്ത് വായനലോകം കൂടുതൽ വ്യാപിച്ചു. സാഹിത്യകൃതികൾ ആർത്തിയോടെ വായിച്ചുതീർത്തു. കുട്ടിക്കാലം മുതൽ കവിത ഇഷ്ടമായിരുന്നു രാധാകൃഷ്ണന്. ടാഗോറിന്റെ കവിതകൾ അദ്ദേഹത്തെ കൂടുതൽ ആകർഷിച്ചു.

'ഗ്രന്ഥങ്ങളും അതിലെ വായനലോകവും ഉണർത്തുന്ന സ്വപ്നങ്ങളായിരുന്നു എന്റെ സഹചാരികൾ' എന്നദ്ദേഹം പറയാറുണ്ടായിരുന്നു. വിപുലമായ വായനയും ഉൾകാഴ്ചയോടെയുള്ള അപഗ്രഥനവും രാധാകൃഷ്ണനെ മികച്ച ഗ്രന്ഥകാരനുമാക്കി. 1908 ൽ എം.എക്ക് പഠിക്കുന്ന കാലത്താണ് ആദ്യപുസ്തകം പുറത്തിറങ്ങിയത്.

'തത്വശാസ്ത്രജ്ഞരുടെ രാജാവ്' എന്നാണ് അമേരിക്കൻ പ്രസിഡന്റ് കെന്നഡി അദ്ദേഹത്തെ വിശേഷിപ്പിച്ചത്. 1950 ജനുവരി 26ന് ഇന്ത്യയെ ഔദ്യോഗിക ഭരണഘടനയുള്ള ഒരു സ്വതന്ത്ര റിപ്പബ്ലിക്കായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തങ്ങളിൽ രാധാകൃഷ്ണനും സജീവമായിരുന്നു. 1954ൽ അദ്ദേഹത്തിന് ഭാരതരത്ന ബഹുമതി ലഭിച്ചു.

തെരഞ്ഞെടുപ്പിനു ശേഷം പ്രഥമ രാഷ്ട്രപതിയായി രാജേന്ദ്രപ്രസാദും ഉപരാഷ്ട്രപതിയായി രാധാകൃഷ്ണനും തെരഞ്ഞെടുക്കപ്പെട്ടു. 1962ൽ രാധാകൃഷ്ണൻ ഇന്ത്യയുടെ രണ്ടാമത്തെ രാഷ്ട്രപതിയായി മാറി. ദാനശീലനായിരുന്ന രാധാകൃഷ്ണൻ തനി

ക്ക് അനന്തരമായി കിട്ടിയ പഴയവീടും 10000 രൂപയും ഒരു പൊതുഗ്രന്ഥാലയം സ്ഥാപിക്കാൻ ദാനം നൽകി. അങ്ങനെ അദ്ദേഹത്തിന്റെ വീടിനു മുന്നിൽ ഒരു ഗ്രന്ഥാലയവും സാംസ്കാരിക കേന്ദ്രവും സ്ഥാപിക്കപ്പെട്ടു.

1975 ഏപ്രിൽ പതിനേഴിനായിരുന്നു അദ്ദേഹത്തിന്റെ വിയോഗം.

# റബീഅ് വന്നല്ലോ

**മു**ത്തുനബിയുടെ ജന്മദിനത്തിൽ
ലോകം തിരുപ്രഭ ചൊരിയുന്നു.
പുണ്യദിനത്തെ വരവേൽക്കാനായ്
അമ്പിളി വാനിൽ ഉയരുന്നു.

റബീഇന്നമ്പിളി കണ്ട മുതൽക്കേ
മൗലിദിൻ അലയൊലിയുയരുന്നു.
മുത്തുറസൂലിൻ മദ്ഹുകൾ പാടി
മാനവസ്നേഹം നിറയ്ക്കുന്നു.

പന്ത്രണ്ടിന്റെ രാവും പകലും
മധുരം വെച്ചു വിളമ്പുന്നു.
തിരുദൂതരുടെ ശഫാഅത്തിന്നായ്
റബ്ബിന്നോടിരവോതുന്നു.

മുഹമ്മദ് കൊച്ചാലുംമൂട്



ശാസ്ത്രശാല

# കപ്പ് ചിക്കൻ!

ഒരു കപ്പിൽ നിന്ന് കോഴിയുടെ ശബ്ദമുണ്ടാക്കാൻ കഴിയുമോ? നമുക്കു നോക്കാം.

**ആവശ്യമായ വസ്തുക്കൾ:**
ഒരു പ്ലാസ്റ്റിക് കപ്പ്, കോട്ടൺചരട്, പേപ്പർക്ലിപ്പ്, കട്ടിയുള്ള ടിഷ്യുപേപ്പർ, കത്രിക, വെള്ളം.

**ചെയ്യേണ്ട വിധം:**

20 ഇഞ്ച് (50 സെ.മീ) നീളത്തിൽ ചരട് മുറിച്ചെടുത്ത് പേപ്പർ ക്ലിപ്പിന്റെ മധ്യഭാഗത്ത് ഒരു അറ്റം കെട്ടുക. കപ്പിന്റെ അടിഭാഗത്ത് ഒരു ദ്വാരമുണ്ടാക്കുക. ആ ദ്വാരത്തിലൂടെ ചരടിന്റെ മറ്റേ അറ്റം കടത്തുക. പത്ത് രൂപ നോട്ടിന്റെ വലുപ്പത്തിൽ ടിഷ്യു പേപ്പർ മുറിച്ച് അല്പം വെള്ളം നനയ്ക്കുക, ടിഷ്യു പേപ്പർ മടക്കി ചരടിൽ മുറുകെ പിടിച്ച് നിറുത്തി നിറുത്തി വലിച്ചുനോക്കൂ. കപ്പിൽ നിന്ന് ഒരു കോഴിയുടെ ശബ്ദം കേൾക്കാം.



**സംഭവിക്കുന്നത്:**

ശബ്ദം വായുവിലൂടെ വൈബ്രേഷനുകളായി സഞ്ചരിക്കുന്നു. ആവശ്യത്തിന് ഉച്ചത്തിലാണെങ്കിൽ മാത്രമേ നമ്മുടെ ചെവികൾക്ക് അവ മനസ്സിലാക്കാനാകൂ. ടിഷ്യു ചരടിൽ ഉരസുമ്പോൾ, അവയ്ക്കിടയിലുള്ള ഘർഷണം കാരണം ചരട് വൈബ്രേറ്റ് ചെയ്യുന്നു. കപ്പില്ലാതെ, ഉരസുമ്പോൾ ചരടിന്റെ വൈബ്രേഷനുകൾ നമുക്ക് കേൾക്കാൻ കഴിയില്ല. കപ്പ് ചേർക്കുമ്പോൾ വൈബ്രേഷനുകൾ ഉച്ചത്തിലാക്കുന്നു. അതിനെ 'ആംപ്ലിഫിക്കേഷൻ' എന്ന് വിളിക്കുന്നു, കപ്പ് ആംപ്ലിഫയറാണ്. ചില സംഗീതോപകരണങ്ങളിൽ ഈ വിദ്യ ഉപയോഗിക്കുന്നുണ്ട്.

# തിരുമൊഴിയുടെ പൊരുൾ

ലിബ മെഹ്റിൻ പൊന്നാട്

‘**ന**ബി(സ)യെ കണ്ടിട്ടുള്ള ആരെങ്കിലും നമ്മുടെ രാജ്യത്തുണ്ടെങ്കിൽ ഉടനെ ഇവിടെ ഹാജരാക്കണം.’ ഖലീഫ ഹാറൂൻറശീദ് ആവശ്യപ്പെട്ടു. അന്വേഷണത്തിനൊടുവിൽ വൃദ്ധയായ ഒരു സ്ത്രീയെ കണ്ടെത്തി ഖലീഫയുടെ മുമ്പിൽ ഹാജരാക്കി.

ഖലീഫ വൃദ്ധയോട് ചോദിച്ചു: ‘നിങ്ങൾ പ്രവാചകനെ കണ്ടിട്ടുണ്ടോ?’

അവർ പറഞ്ഞു: ‘അതേ!’

‘നബി(സ)യിൽ നിന്നുകേട്ട എന്തെങ്കിലും തിരുമൊഴികൾ നിങ്ങൾക്ക് ഓർമ്മയുണ്ടോ?’ ഖലീഫ ചോദിച്ചു.

അവർ പറഞ്ഞു: ‘അതേ!, വാർദ്ധക്യം വരുമ്പോൾ രണ്ടു കാര്യങ്ങൾക്ക് ചെറുപ്പമാകുമെന്ന് തിരുനബി(സ) പറഞ്ഞിട്ടുണ്ട്; പ്രതീക്ഷയും അത്യാഗ്രഹവുമാണത്.’

ഖലീഫ അവർക്ക് നന്ദി പറയുകയും നൂറ് ദിനാർ സമ്മാനിക്കുകയും ചെയ്തു. ആ സ്ത്രീ അതുമായി സന്തോഷത്തോടെ തിരിച്ചുപോയി. പകുതി ദൂരം പിന്നിട്ടപ്പോഴാണ് അവർക്കൊരു സംശയം തോന്നിയത്. വൃദ്ധ വീണ്ടും



ഖലീഫയുടെ മുമ്പിലെത്തി. വൃദ്ധയെ വീണ്ടും കണ്ടപ്പോൾ ഖലീഫ ചോദിച്ചു: 'നിങ്ങളെന്തിനാണ് തിരിച്ചുവന്നത്?'

അവർ പറഞ്ഞു: 'അമീറുൽമുഅ്മിനീൻ, അങ്ങെനിക്ക് നൽകിയ പണം എന്നെന്നേക്കുമുള്ളതോണോ, എല്ലാ വർഷവും ലഭിക്കുമോ എന്നന്വേഷിക്കാനാണ് ഞാൻ വന്നത്.'

ഖലീഫ ചിന്തിച്ചു: 'പ്രവാചകരുടെ വാക്ക് എത്ര സത്യം! അവർക്കിപ്പോഴും ജീവിതത്തിൽ പ്രതീക്ഷയുണ്ട്, പണത്തോട് അത്യാഗ്രഹവും.'

ഖലീഫ പറഞ്ഞു: 'വിഷമിക്കേണ്ട; നിങ്ങൾക്ക് എല്ലാ വർഷവും പണം ലഭിക്കും.' വൃദ്ധ സന്തോഷത്തോടെ മടങ്ങി. എന്നാൽ, വഴിമധ്യേ അവർ മരണപ്പെടുകയും ചെയ്തു.



# നെല്ലിക്കയും പാവയ്ക്കയും

അഷ്റഫലി തിരൂർക്കാട്

**നെ**ല്ലിക്കയും പാവയ്ക്കയും ചങ്ങാതിമാരായിരുന്നു. കാറ്റാടിപ്പാടത്താണ് പാവയ്ക്കയുടെ താമസം. നെല്ലിക്കയാകട്ടെ നെല്ലിക്കുന്നിലും. എല്ലാ ദിവസവും നേരം പുലർന്നാൽ നെല്ലിക്ക കുന്നിറങ്ങി കാറ്റാടിപ്പാടത്തെത്തും. വയൽവരമ്പിൽ വന്ന് പാവയ്ക്കയെ കൂവി വിളിക്കും. അതു കേൾക്കേണ്ട താമസം പാവയ്ക്ക ഓടിയെത്തും. പിന്നെ അവരൊന്നിച്ച് വാർത്തമാനം പറഞ്ഞും കുസൃതികൾ കാണിച്ചും വയൽവരമ്പിലൂടെയെങ്ങനെ നടക്കും.

പതിവുപോലെ ഒരു ദിവസം ആ നടത്തത്തിനിടയിൽ നെല്ലിക്കയ്ക്കൊരു കുസൃതി തോന്നി. അവൻ



# പുണ്യറസൂൽ

മക്കത്തുദിയായ് മുത്ത്റസൂൽ
പാരിന്നൊളിവാണന്ത്യ റസൂൽ
തിരുചര്യകളുടെ സൗരഭ്യം
ഇരുലോകത്തും സൗന്ദര്യം
മാലോകർക്കൊരു സൗഭാഗ്യം
മദ്ഹുകൾ പാടാം സാനന്ദം.
മീലാദുന്നബിയെത്തുമ്പോൾ
വിശ്വാസികളിൽ ആഹ്ലാദം

ചന്തിരൂർ താഹ



പാടവരമ്പിനരികിലുള്ള കുളത്തിലേക്ക് പാവയ്ക്കയെ തള്ളിയിട്ടു. പേടിച്ചുപോയ പാവയ്ക്ക കൈകാലിട്ടടിച്ച് നിലവിളിക്കാൻ തുടങ്ങി. നെല്ലിക്ക അതു കണ്ട് പൊട്ടിച്ചിരിച്ചു. പിന്നെ, പാവയ്ക്കയെ കൈ പിടിച്ചു കരയ്ക്കു കയറ്റി. മുകളിലെത്തിയ പാടെ അവൻ നെല്ലിക്കയ്ക്കൊരു കുഞ്ഞുകടി കൊടുത്തു. ചെറിയ കയ്പ്പു തോന്നിയപ്പോൾ അവൻ വേഗമിത്തിരി വെള്ളം കുടിച്ചു. 'ആഹാ... നല്ല മധുരം...' പാവയ്ക്ക തുള്ളിച്ചാടി.

ഇതുകേട്ട നെല്ലിക്ക ആശ്ചര്യപ്പെട്ടു. അവൻ ഓടിച്ചെന്ന് പാവക്കയുടെ പുറത്തൊരു കടി കൊടുത്തു. കഷ്ടം! കയ്പ്പു സഹിക്കാൻ പറ്റാതെ വേഗം പോയി വെള്ളം കുടിച്ചു. 'അയ്യോ... കയ്ച്ചിട്ടു വയ്യേ... ഞാനിനി ആരെയും ഉപദ്രവിക്കില്ലേയ്...' ഉറക്കെ നിലവിളിച്ച് അവൻ നെല്ലിക്കുന്നിലേക്കോടി.

# ഇടയനും ചെന്നായും


ഗ്രാമത്തിൽ ഒരു ഇടയൻ താമസിച്ചിരുന്നു.
നേരം ഏറെ വൈകി. വേഗം വീട്ടിലെത്തണം.
ദൂരെ ഒരു ചെന്നായ ആട്ടിൻകൂട്ടത്തെ പിന്തുടരുന്നത് ഇടയൻ കണ്ടു.
ങേ! ഒരു ചെന്നായയല്ലേ അത്? അവനെ ഓടിച്ചിട്ടുതന്നെ കാര്യം
ഓടെടാ ഇവിടുന്ന്.
ചെന്നായകൾ ചതിയന്മാരാണെന്ന് കേട്ടിട്ടുണ്ട്.


അടുത്ത ദിവസം
ഹും! ഇന്നും വന്നിരിക്കുന്നു. നിന്നെ ഞാൻ...
കണ്ടിട്ട് ഒരു പാവത്താനാണെന്ന് തോന്നുന്നു. പക്ഷേ, വിശ്വസിക്കാൻ വയ്യ.
ചെന്നായയുടെ വരവ് പതിവായി.
ഇവനൊരു പാവത്താനാണ്. ആട്ടിൻ പറ്റത്തെ ഉപദ്രവിക്കുന്നുമില്ല.
അടുത്ത ദിവസം,
ഇതു കൊള്ളാം! എന്റെ ജോലിയിപ്പോൾ ഈ ചെന്നായ ചെയ്യുന്നുണ്ട്. ആടുകൾക്കെല്ലാം അവനെ പരിചയമായിട്ടുണ്ട്.


അടുത്തദിവസം,
ചെന്നായ ഇന്നും വന്നിട്ടുണ്ട്.
ഇന്ന് എന്റെ ജോലി ഇവൻ ചെയ്യട്ടെ.
ചന്തയിൽ നിന്ന് അല്പം സാധന ങ്ങൾ വാങ്ങി വരാം. ചെന്നായ യെ കണ്ടാൽ ആടിനെ പിടി ക്കാൻ ആരും ഇതുവഴി വരില്ല.
വേഗം തിരിച്ചു വരാം.
ഹഹ! ഇതു തന്നെ തക്കം.



ഇടയൻ കാഴ്ചയിൽ നിന്നു മറഞ്ഞതും, ചെന്നായ ആടുകൾക്കുമേൽ ചാടിവീണു.
വൂഷ് !
മ്ഹേ...
മ്ഹേ..
രണ്ടുമൂന്ന് ആടുകളെ വകവരുത്തി ചെന്നായ കാട്ടിലേക്കു മടങ്ങി.
ഹാവൂ, ഇന്നാണ് വയറൊന്നു നിറഞ്ഞത്.
ഇടയൻ തിരിച്ചുവന്നപ്പോൾ
ങേ! എന്റെ ആടുകളെവിടെ?
ആ ചതിയൻ ചെന്നായ അവരെ കൊന്നുതിന്നു കാണും.
ചതിയനെ വിശ്വസിച്ചതാണ് എനിക്കു പറ്റിയ തെറ്റ്.

# ക്വിസ് ആനുകാലികം പൊതുവിജ്ഞാനം

1. ചെസ് ലോകകപ്പിന്റെ ഫൈനലിലെത്തുന്ന ആദ്യ ഇന്ത്യൻ വനിത?

2. സതീഷ് ധവാൻ സ്പേസ് സെന്റർ പുതിയ ഡയറക്ടർ?

3. യുഎസ് ശതകോടീശ്വരൻ ഇലോൺ മസ്ക് നിർമ്മിച്ച പുതിയ രാഷ്ട്രീയ പാർട്ടി?

4. രാജ്യാന്തര ബഹിരാകാശ നിലയത്തിലെത്തിയ ആദ്യത്തെ ഇന്ത്യക്കാരൻ?

5. ജൂലൈ 21ന് രാജിവച്ച ഇന്ത്യയുടെ ഉപരാഷ്ട്രപതി?

6. അപകടാവസ്ഥയെ തുടർന്ന് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലിറക്കിയ ബ്രിട്ടീഷ് നാവികസേനയുടെ യുദ്ധവിമാനം?

7. സംസ്ഥാന ബാലാവകാശ കമ്മീഷൻ കുട്ടികൾക്കായി ആരംഭിച്ച ഇന്റർനെറ്റ് റേഡിയോ?

8. പ്രവാസികൾക്കായി സംസ്ഥാന സർക്കാർ ലോക കേരള കേന്ദ്രം സ്ഥാപിക്കുന്നതെവിടെ?

9. അടുത്തിടെ സർ പദവി ലഭിച്ച ഇംഗ്ലണ്ട് ഫുട്ബോൾ താരം?

10. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച് ജൂൺ 11ന് വിജയകരമായി പരീക്ഷിച്ച ആധുനിക ഡ്രോൺ?



11. സംസ്ഥാനത്തെ ആദ്യ ചിത്രശലഭ സങ്കേതം?

12. രാജ്യത്തെ ആദ്യ അണ്ടർ വാട്ടർ മ്യൂസിയവും കൃത്രിമ പവിഴപ്പുറ്റും നിലവിൽ വരുന്നത് ഏത് സംസ്ഥാനത്താണ്?

13. ഫലസ്തീനിലെ ഗസ്സയിലേക്ക് സഹായവുമായി പോയതിന് ഇസ്രായേൽ അറസ്റ്റു ചെയ്ത പരിസ്ഥിതി പ്രവർത്തക?

14. ഈയിടെ ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിൽ ഹാൾ ഓഫ് ഫെയിമിൽ ഇടം പിടിച്ച ഇന്ത്യൻ താരം?

15. പഹൽഗാം ആക്രമണത്തിന്റെ മുഖ്യസൂത്രധാരൻ ഉൾപ്പെടെ മൂന്ന് ഭീകരരെ വധിച്ച ഇന്ത്യയുടെ സൈനികനീക്കം?

    

1. ദിവ്യദേശ്മുഖ്, 2. ജഗദീപ് ധൻകർ, 3. എം.എസ് ധോണി, 4. വി.എസ് അച്യുതാനന്ദൻ, 5. യൂലിയ സ്വെറി ഡെങ്കോ

16. നൂറിലധികം പേരെ കുഴിച്ചുമൂടിയെന്ന ശുചീകരണ തൊഴിലാളിയുടെ വെളിപ്പെടുത്തലിനെ തുടർന്ന് കുപ്രസിദ്ധി നേടിയ കർണാടകയിലെ സ്ഥലം?

17. പതിനാറു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് യൂട്യൂബ് വിലക്കേർപ്പെടുത്തിയ രാജ്യം?

18. പഴയ ലോഗോ പുനസ്ഥാപിച്ച ഇന്ത്യൻ ഭരണഘടനാ സ്ഥാപനം?

19. 2025ലെ ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് കിരീടം സ്വന്തമാക്കിയ ടീം?

20. ഏറ്റവും കൂടിയ പ്രായത്തിൽ കേരളത്തിന്റെ മുഖ്യമന്ത്രിയായ വ്യക്തി?

21. ഇന്ത്യയിലെ ആദ്യത്തെ വേഴാമ്പൽ സംരക്ഷണ കേന്ദ്രം ആരംഭിച്ച സംസ്ഥാനം?

22. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പുതിയ വൈസ് ചാൻസലറായി നിയമിക്കപ്പെട്ട വനിത?

23. പുതിയ യുക്രെയിൻ പ്രധാനമന്ത്രി?

24. അഫ്ഗാനിസ്ഥാനിലെ താലിബാൻ സർക്കാറിനെ ഔദ്യോഗികമായി അംഗീകരിച്ച ആദ്യ രാജ്യം?

25. കേരളത്തിൽ അതിദരിദ്രരില്ലാത്ത ആദ്യ ജില്ല?



**ഉത്തരങ്ങൾ**

ഉത്തരങ്ങൾ: 1. ദിവ്യ ദേശ്മുഖ്, 2. ഇ. പത്മകുമാർ, 3. അമേരിക്ക പാർട്ടി, 4. ശുഭാംശു ശുക്ല, 5. ജഗദീപ് ധൻകർ, 6. എഫ് 35, 7. റേഡിയോ നെല്ലിക്ക, 8. മാവേലിക്കര, 9. ഡേവിഡ് ബെക്കാം, 10. രുദ്രാസ്ത്ര, 11. ആറളം വന്യജീവി സങ്കേതം, 12. മഹാരാഷ്ട്ര, 13. ഗ്രേറ്റ തുംബർഗ്, 14. എംഎസ് ധോണി, 15. ഓപ്പറേഷൻ മഹാദേവ്, 16. ധർമ്മസ്ഥല, 17. ഓസ്ട്രേലിയ, 18. സുപ്രീംകോടതി, 19. ദക്ഷിണാഫ്രിക്ക, 20. വിഎസ് അച്യുതാനന്ദൻ, 21. തമിഴ്നാട്, 22. ഉമ കാംജിഗൽ, 23. യൂലിയ സ്വെറി ഡെങ്കോ, 24. റഷ്യ, 25. കോട്ടയം



സ്വാതന്ത്ര്യസമരത്തിലെ
മുസ്‌ലിം സേനാനികൾ

# കുഞ്ഞാലി മരക്കാർ

**നാസിം അഴീക്കോട്**

**കൊ**ച്ചിയിലും പൊന്നാനിയിലും പോർച്ചുഗീസുകാർക്കെതിരെ പോരാടി കോഴിക്കോടിന്റെ നാവിക സേനാധിപതിയായി മാറിയ ധീരപോരാളിയായിരുന്നു കുട്ടി അഹ്മദ് അലി. ഇന്ത്യൻ നാട്ടുരാജ്യങ്ങളിലെ ആദ്യ നാവികസേനാധിപൻ എന്ന് ചരിത്രം രേഖപ്പെടുത്തിയ ഇദ്ദേഹമാണ് വിശ്വ പ്രസിദ്ധനായ കുഞ്ഞാലി ഒന്നാമൻ. കൊച്ചി കേന്ദ്രമാക്കി അരിവ്യാപാരത്തിലേർപ്പെട്ടിരുന്ന മരക്കാർകുടുംബത്തിലെ പ്രമാണിയായിരുന്ന ഇസ്മായിൽ മരക്കാരുടെ മകനാണ് കുഞ്ഞാലി ഒന്നാമൻ.

കൊച്ചിയിൽ ആധിപത്യമുറപ്പിച്ച പറങ്കികൾക്കെതിരെ ഇസ്മാഈൽ മരക്കാരുടെ നേതൃത്വത്തിൽ മരക്കാർ കുടുംബം പോരാട്ടത്തിനിറങ്ങി. കൊച്ചിയിലെ നാട്ടുരാജാവ് പോർച്ചുഗീസുകാരുടെ പക്ഷത്തായിരുന്നു. അതിനാൽ പിന്നീട് നടന്ന കൊച്ചി- കോഴിക്കോട് യുദ്ധത്തിൽ കോഴിക്കോട് ഭരിച്ചിരുന്ന സാമൂതിരിക്കായിരുന്നു മരക്കാർമാരുടെ പിന്തുണ. യുദ്ധാനന്തരം ആത്മീയഗുരുവായിരുന്ന സൈനുദ്ദീൻ മഖ്ദൂമിന്റെ നിർദ്ദേശപ്രകാരം മരക്കാർമാർ കോഴിക്കോട്ടേക്ക് താമസം മാറി. എന്തുവിലകൊടുത്തും സാമ്രാജ്യത്വ ശക്തികളിൽ നിന്ന് കോഴിക്കോട്തീരം സംരക്ഷിക്കാൻ തങ്ങൾ തയ്യാറാണെന്ന് അവർ സാമൂതിരിയെ അറിയിച്ചു. സാമൂതിരി ആ വാഗ്ദാനം സ്വീകരിച്ചു. പിന്നീടു നടന്ന പോരാട്ടത്തിൽ മമ്മാലി മരക്കാർ രക്തസാക്ഷിയായതോടെയാണ് കുടുംബത്തിലെ മുതിർന്ന അംഗമായ കുട്ടി അഹ്മദ് അലി എന്ന കുഞ്ഞാലി സേനയുടെ തലപ്പത്തെത്തിയത്.

### പറങ്കിപ്പട തറപറ്റിയ പോരാട്ടങ്ങൾ

പോർച്ചുഗീസ് അധിനിവേശത്തിനെതിരെ നിരവധി യുദ്ധങ്ങളാണ് കുഞ്ഞാലി ഒന്നാമന്റെ നേതൃത്വത്തിൽ അരങ്ങേറിയത്. 1506 ൽ പോർച്ചുഗീസ് സൈന്യത്തിനെതിരെ നടത്തിയ യുദ്ധമാണ് ഇതിൽ പ്രധാനപ്പെട്ടത്. സൈനിക തലവൻ ഫ്രാൻസിസ്കോ ഡി അൽമേഡയുടെ കപ്പൽവ്യൂഹത്തിനെതിരെയുള്ള അക്രമണത്തിൽ സാമൂതിരിപ്പടയെ സഹായിക്കാൻ തുർക്കി- ഈജിപ്ത്- ഗുജറാത്ത് സുൽത്താന്മാരുടെ സഖ്യസേനയും അണിചേർന്നിരുന്നു. 1506 ലെ കണ്ണൂർ യുദ്ധത്തിൽ വിജയം പോർച്ചുഗീസി

നായിരുന്നു. 1507 നവംബർ 14 ന് പൊന്നാനി ആക്രമിച്ച അൽമേഡ കോഴിക്കോടിനും മാപ്പിളമാർക്കും വ്യാപക നാശനഷ്ടങ്ങൾ സമ്മാനിച്ചു. ഇതോടെ മാപ്പിളപ്പോരാളികൾ സംഘടിച്ചു പ്രത്യാക്രമണം നടത്തി. ഘോരമായ യുദ്ധത്തിൽ വൻനാശനഷ്ടങ്ങൾ സംഭവിക്കാൻ തുടങ്ങിയതോടെ പറങ്കിക്കപ്പലുകൾ കൊച്ചിയിലേക്ക് പിൻവലിഞ്ഞു.

1508 മാർച്ചിലാണ് മഹായുദ്ധം നടന്നത്. കെയ്റൊ സുൽത്താന്റെയും ഗുജറാത്ത് സുൽത്താന്റെയും സൈന്യവും കുഞ്ഞാലിമാരും പോർച്ചുഗീസ് വൈസ്രോയിയുടെ മകൻ നയിച്ച കപ്പൽപടയുമായി ഏറ്റുമുട്ടി. നൂറ് ഓടങ്ങളിലായിരുന്നു മരക്കാർമാരുടെ സൈനികവിന്യാസം. അതിരൂക്ഷമായ യുദ്ധത്തിൽ പോർച്ചുഗീസ് കപ്പൽപ്പട പാടെ തറപറ്റുകയും സൈന്യാധിപൻ ലോറൻസോ അൽമേഡ കൊല്ലപ്പെടുകയുമുണ്ടായി. 1509 ൽ സാമൂതിരിയുടെരാജ്യത്തെ ആക്രമിച്ചു കീഴടക്കാനുള്ള പോർച്ചുഗീസ്നീക്കത്തെ മരക്കാർ സൈന്യം ചെറുത്തുതോൽപ്പിച്ചു. ആ വർഷം തന്നെ 18 കപ്പലുകളിൽ 1200 പോർച്ചുഗീസ് സൈനികർ ദിയുവിലെത്തി. ദിയുയുദ്ധം(1509) മരക്കാർ സൈന്യത്തിനും സഖ്യത്തിനും കനത്ത നാശനഷ്ടമുണ്ടാക്കി. പോരാട്ടത്തിൽ ഇരുപക്ഷത്തിനും വിജയമുണ്ടായില്ലെങ്കിലും ഗുജറാത്ത് സുൽത്താനുമായുള്ള അഭിപ്രായവ്യത്യാസത്തെ തുടർന്ന് യുദ്ധം നിർത്തി ഈജിപ്ത്- മരക്കാർ സൈനികർ തങ്ങളുടെ നാടുകളിലേക്ക് മടങ്ങുകയാണുണ്ടായത്.

## വിഥുല യുദ്ധവും മരക്കാരുടെ മരണവും

1508 - 1509 കാലങ്ങളിലെ യുദ്ധപരമ്പരകൾക്ക് ശേഷം ചെറുതും വലുതുമായ നിരവധി യുദ്ധങ്ങൾ മരക്കാരുടെ നേതൃത്വത്തിൽ സാമൂതിരിയുടെ സൈന്യം നടത്തുകയുണ്ടായി. 1538 - 39 ൽ സിലോണിലെ വിഥുലയിൽ അരങ്ങേറിയ യുദ്ധത്തിലാണ് കുഞ്ഞാലി ഒന്നാമൻ വധിക്കപ്പെട്ടത്. കോഴിക്കോടിന്റെ ആധിപത്യത്തിൽ നിന്ന് സിലോൺ തീരങ്ങൾ തിരിച്ചുപിടിക്കാനായി മാർട്ടിൻ അൽഫോൻസാ ഡിസൂസയുടെ നേതൃത്വത്തിൽ പോർച്ചുഗീസ് നടത്തിയ സൈനികനീക്കത്തിൽ അദ്ദേഹം വീരചരമം പ്രാപിക്കുകയായിരുന്നു. സൈനികമേധാവി മെഗൽ ഫെരീറയുടെ നേതൃത്വത്തിലുള്ള കൂറ്റൻ കപ്പൽപടയുടെ ആകസ്മികമായ ആക്രമണം മരക്കാർ സൈന്യത്തിന് കനത്ത നഷ്ടമുണ്ടാക്കി. എണ്ണൂറോളം പോരാളികൾ കൊല്ലപ്പെട്ടു. വിഥുല യുദ്ധം 1529 - 31 ലായിരുന്നു എന്ന നിഗമനങ്ങളുമുണ്ട്. ഇന്ത്യ കണ്ട ഏറ്റവും മികച്ച നാവികപ്പടയെ പടുത്തുയർത്തിയ കുഞ്ഞാലിമരക്കാർ ഒന്നാമൻ അറബിക്കടലിന്റെ സിംഹം എന്നറിയപ്പെടുന്നു.

നോവൽ – 23

മുജ്തബ നസ്വീഹ്

# വിട പറയാൻ നേരം

'...ന്നാലും നിയ്യെന്നോടി ങ്ങനെ ചെയ്തല്ലോ. ഒരു ചോര യല്ലേ നമ്മള്ടേത്? എന്നിട്ടും...' കരച്ചിലോടെയാണ് ഉമ്മയുടെ വാക്കുകൾ.

'എന്തുചെയ്തെന്നാടീ നിയ്യിപ്പറയ്ണത്? നെന്റെ കെ ട്ട്യോന്റെ കടം വീട്ടിയതാണോ ഞാൻ ചെയ്ത തെറ്റ്? നെന്റെ മോനെ ഇത്രേം കാലം നോ ക്കി വളർത്തിയതും നെന്നെ ഒരുത്തന്റെ കൂടെ പറഞ്ഞയച്ച തുമാണോ തെറ്റ്?' മാമൻ ഉച്ച ത്തിൽ അലറുകയാണ്.

അപ്പോൾ ഉമ്മയുടെ ദയ നീയ സ്വരം: 'ഒക്കെ നിക്കു മനസ്സിലായി. ഒരുലക്ഷം കടം വാങ്ങിയതിന് അഞ്ചു ലക്ഷ ത്തിന്റെ പൊരേം പറമ്പും നിയ്യ് വിറ്റില്ലേ? മോനെ പൊരേലെ പണിക്കാരനാക്കി പഠിപ്പ് മൊ ടക്കീലേ... ഇതൊക്കെ നിയ്യ ല്ലേ ചെയ്തത്...? എന്നിട്ട് ഒന്നും അറിയാത്ത പോ ലെ, ഞാനൊന്നും പറയ് ണില്ല.'

'എടീ... വേണ്ടാത്ത തു പറഞ്ഞാലുണ്ടല്ലോ, നെന്നെ ഞാൻ...?' മാമ ന്റെ സ്വരം കടുത്തതായി തോന്നിയപ്പോൾ അബൂ ട്ടി വരാന്തയിലേക്കോടി ഉമ്മയെ കെട്ടിപ്പിടിച്ചു പറഞ്ഞു: 'ഉമ്മാ... ഉമ്മ വരിൻ. ഒന്നും പറയേണ്ട.' അവൻ ഉമ്മയെ അക ത്തേക്ക് പിടിച്ചു വലിച്ചു. അവന്റെ നിർബന്ധത്തി നു വഴങ്ങി അകത്തേ ക്കു നീങ്ങുമ്പോൾ ഉമ്മ പറഞ്ഞു: 'ഞാൻ ന്റെ മോനേം കൊണ്ട് പോവ്വാ. പടച്ചോനോട് യ്യ് സമാധാ

നം പറഞ്ഞോ.'

അകത്തെത്തിയ പാടെ ഉമ്മ പറഞ്ഞു: 'അബൂട്ടിമോനേ, മോൻ ഷർട്ടും പാന്റുമെടുത്തിട്. നമുക്കിപ്പോത്തന്നെ പോകണം.'

'എങ്ങോട്ടാണുമ്മാ?'

'നമുക്കൊന്നിച്ചു പോകാം മോനേ. എളാപ്പ ഇപ്പോ വരും.'

'എളാപ്പാന്റാടക്കാണോ അബൂട്ടീം പോരേണ്ടത്?'

'ങാ... അവിടെള്ളതോണ്ട് നമുക്ക് കഴിയാ മോനേ.'

ഉമ്മയുടെ കണ്ണുകൾ അപ്പോഴും നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. വാക്കുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. അബൂട്ടി വേഗം ഷർട്ടും പാന്റ്സുമിട്ടു. ദർസിലെ കിതാബും നല്ല ഉടുപ്പുകളും



ബാഗിലിട്ടു റെഡിയായി.

ഉമ്മ ഉറങ്ങിക്കിടക്കുന്ന മോളുട്ടിയെയെടുത്ത് തോളിലിട്ടു പുറത്തേക്ക് നടന്നു. അപ്പോഴേക്കും അബൂട്ടി അടുക്കളയിലേക്കോടി മാമിയോട് പറഞ്ഞു: 'മാമീ, ഞാമ്പോകാ...'

മാമി തിരിഞ്ഞുനോക്കിയില്ല. കേട്ടതായി പോലും ഭാവിച്ചില്ല. അല്പനേരം അവൻ അവിടെ നിന്ന് തിരിച്ചുപോന്നു.

ഉമ്മ മുറ്റത്തിറങ്ങി കാത്തു നിൽക്കുകയാണ്. അബൂട്ടി നേരെ പോയത് ആട്ടിൻകൂടിനടുത്തേക്കാണ്. ആടുകൾ അവനെ കണ്ടതും തട്ടിപ്പിടഞ്ഞെഴുന്നേറ്റ് 'മ് മ് മ് ബേ' എന്ന ശബ്ദമുണ്ടാക്കി. കൂടു തുറന്നു ഓരോന്നിനോടും യാത്ര പറയണമെന്ന ആഗ്രഹമുണ്ട്. പക്ഷേ, അതു പ്രശ്നമാണ്. കൂട് തുറന്നാൽ എല്ലാം പുറത്തു ചാടും. അങ്ങോട്ടുമിങ്ങോട്ടും ഓടും. ഇപ്പോൾ അവയെ തെളിച്ചു കൂട്ടാൻ അബൂട്ടിക്കു നേരമില്ലല്ലോ. അവൻ കൂടിന്റെ അഴികൾക്കുള്ളിലൂടെ കൈ അകത്തേക്കിട്ട് ആടുകളെയൊന്നു തലോടി. അവ അബൂട്ടിയുടെ കൈകളിൽ നക്കാനും ഉരുമ്മാനും തിക്കുംതിരക്കും കൂട്ടുകയാണ്. അവൻ കൈവലിച്ച് അവയോട് മെല്ലെ പറഞ്ഞു: 'കൂട്ടുകാരേ, അബൂട്ടി പോവ്വാട്ടോ... നിങ്ങളെ നോക്കാൻ ഇനി വേറെയാരെങ്കിലും വരും.'

ആടുകൾക്ക് അബൂട്ടി പറഞ്ഞതെന്തെങ്കിലും മനസ്സിലായോ ആവോ, അവൻ തിരിഞ്ഞു നടന്നപ്പോഴേക്കും അവയൊന്നിച്ച് ബേ... ബേ... എന്ന് ആർത്തുകരയാൻ തുടങ്ങി. അവൻ അവയെ തിരിഞ്ഞുനോക്കിക്കൊണ്ട് ഉമ്മയുടെ പിന്നാലെ റോഡിലേക്കു നടന്നു. അവന്റെ കണ്ണുകൾ അപ്പോൾ നിറഞ്ഞു തുളുമ്പുന്നുണ്ടായിരുന്നു.

റോഡിലെത്തിയപ്പോൾ അബൂട്ടി പറഞ്ഞു: 'ഉമ്മാ... ഉമ്മ ഇത്തിരി നേരം ഇവിടെ നിൽക്കുമോ? ഞാൻ ഉസ്താദിനോടു പോയി പറഞ്ഞിട്ടു വരാം.'

'മോൻ അങ്ങോട്ട് നടന്നോ, ഉമ്മയും പിന്നാലെ വരാം.'

അബൂട്ടിക്കു സമാധാനമായി. ഉസ്താദിനോട് കാര്യം പറയാൻ ഉമ്മയും വരുന്നു



ണ്ടല്ലോ. അവർ പള്ളിയുടെ അടുത്തെത്തിയതേയുള്ളൂ, ഉസ്താദുമാരുണ്ട് എതിരെ വരുന്നു. മദ്റസയിലേക്കു പോവുകയാണവർ.

അബൂട്ടി ഭവ്യതയോടെ റോഡിന്റെ അരികിൽ നിന്നു മെല്ലെ സലാം പറഞ്ഞു.

എവിടെ കണ്ടാലും സലാം പറയണമെന്ന് ഉസ്താദ് പഠിപ്പിച്ചിട്ടുണ്ടല്ലോ. ഉമ്മ മുഖം കുനിച്ച് വഴിയിൽ നിന്നല്പം മാറി നിന്നു.

'ആരിത്, നമ്മുടെ അബൂബക്റോ? എവിടേക്കാണിത്ര രാവിലെ?' വല്യുസ്താദ് ചിരിച്ചുകൊണ്ട് ചോദിക്കുന്നു.

എന്താണ് മറുപടി പറയുക? എങ്ങോട്ടാണ് പോകുന്നതെന്നു പറയാൻ അവനറിയില്ലല്ലോ.

'ഞാൻ ഉമ്മയുടെ കൂടെ പോവുകയാണ്.'

'എങ്ങോട്ട്?' ഉസ്താദ് വീണ്ടും ചോദിച്ചപ്പോൾ അവൻ ഉമ്മയുടെ നേരെ നോക്കി. അപ്പോൾ ഉമ്മ തലകുനിച്ചുകൊണ്ടു തന്നെ അവർ താമസിക്കുന്ന സ്ഥലത്തിന്റെ പേരു പറഞ്ഞു.

'ങേ! അതങ്ങു ദൂരെയല്ലേ? അപ്പോ അബൂട്ടി ഞങ്ങളെ വിട്ടു പോവുകയാണോ?' ഉസ്താദിന്റെ വാക്കുകൾ കേ

## ഓസോൺ ദിനം

1994 മുതൽ എല്ലാവർഷവും സെപ്റ്റംബർ 16 ലോക ഓസോൺദിനമായി ആചരിക്കുന്നു. ഓസോൺപാളിയുടെ ശോഷണത്തെക്കുറിച്ചും അതുവഴിയുണ്ടാകുന്ന ആഗോളതാപനത്തെക്കുറിച്ചും ആളുകളെ ഓർമ്മിപ്പിക്കുകയാണ് ഈ ദിനാചരണത്തിന്റെ താത്പര്യം.



ട്ട് ഉമ്മ പറഞ്ഞു: 'ഉസ്താദേ, ഇവിടെ പാർപ്പിച്ചാല് ന്റെ മോനെ ഓല് നശിപ്പിക്കും. അതോണ്ട് ഞാൻ കൊണ്ടോവാ.'

'അവിടെ അവനെ പഠിപ്പിക്കാൻ സൗകര്യണ്ടോ?'

'സ്കൂളും മദ്റസയുമൊക്കെ ദൂരെയാ... എന്നാലും ഇവിടെ നിർത്താമ്പറ്റൂല ഉസ്താദേ. മോന്റെ സ്കൂളും മദ്റസേം അവര് മൊടക്കീലേ? ഉസ്താദുമാരല്ലേ അവനെ സഹായിച്ചതിപ്പോ.'

'മിടുമിടുക്കനാ നിങ്ങളുടെ മോൻ. അവനെ പഠിപ്പിച്ച് വലിയ ആളാക്കണം.'

'അതിനൊന്നും ഞങ്ങൾക്കു കഴിവില്ല ഉസ്താദേ. ഞങ്ങള് പാവങ്ങളാ.'

അത് കേട്ട് ഉസ്താദ് അൽപസമയം മൗനത്തിലാണ്ടു. പിന്നെ കൂടെയുള്ള ഉസ്താദുമാരുമായി എന്തോ പതുക്കെ സംസാരിച്ചു. ശേഷം പറഞ്ഞു: 'അബൂട്ടിയെ ഞങ്ങള് പഠിപ്പിച്ചോളാം. നിങ്ങളവനെ ഞങ്ങൾക്കു വിട്ടു തന്നാൽ മതി.'

ഉമ്മ എന്തു പറയണമെന്നറിയാതെ തല കുനിച്ചു നിൽക്കുകയാണ്. ഉസ്താദ് അബൂട്ടിയോട് ചോദിച്ചു: 'അബൂട്ടി എന്തുപറയുന്നു? പഠിക്കാൻ ആഗ്രഹണ്ടോ?'

'ഉസ്താദേ, എനിക്കു പഠിക്കണം.' അബൂട്ടി ഉറപ്പിച്ചു പറഞ്ഞു. അപ്പോൾ ഉസ്താദ് ഉമ്മയോട് പറഞ്ഞു: 'ഇപ്പോ അബൂട്ടിയെ നിങ്ങൾ കൊണ്ടുപൊയ്ക്കോ. ഒരാഴ്ച കഴിഞ്ഞ് ഞങ്ങളവിടെ വരാം. അവനെ പഠിപ്പിക്കാൻ പറ്റിയ ഒരിടം കണ്ടെത്തട്ടെ.'

ഉമ്മ താമസിക്കുന്ന സ്ഥലത്തെ അഡ്രസ് വാങ്ങി അബൂട്ടിയോട് യാത്ര പറഞ്ഞ് ഉസ്താദുമാർ നടന്നകന്നു. (തുടരും)

# പുണ്യഭൂമിയിലൂടെ



ഓർമ്മകളിൽ നിന്ന് മാഞ്ഞു പോകാത്ത ഒരു അനുഭവമാണ് പുണ്യഭൂമിയിലേക്കുള്ള ഞങ്ങളുടെ യാത്ര. മരുഭൂമിയിലൂടെ ഞങ്ങളുടെ ബസ് വേഗത്തിൽ നീങ്ങിക്കൊണ്ടിരുന്നു. മക്കയെക്കുറിച്ചും മദീനയെക്കുറിച്ചും മദ്റസയിൽ പഠിച്ചത് എനിക്കോർമ്മ വന്നു. മുത്തുനബി(സ) പിറന്ന നാട്, വിശുദ്ധ ഖുർആൻ അവതരിച്ച നാട്, അനേകം പ്രവാചകരുടെ കാൽപാദങ്ങൾ പതിഞ്ഞ മണ്ണ്, ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച മണ്ണ്, തിരുനബി(സ) പുണ്യ നഗരിയിലേക്ക് പലായനം ചെയ്ത വഴിത്താര!

ത്വാഇഫിലിറങ്ങി കുളിച്ച് രണ്ടു റക്അത്ത് നിസ്കരിച്ച് ലബ്ബൈക്ക... മന്ത്രധ്വനികളോടെ ഞങ്ങൾ ബസ്സിൽ കയറി യാത്ര തുടർന്നു. ദൂരെ നിന്ന് മസ്ജിദുൽഹറാമിന്റെ മിനാരങ്ങൾ കണ്ടപ്പോൾ മനസ്സിൽ വല്ലാത്തൊരാനന്ദം നിറഞ്ഞു തുളുമ്പി. അഞ്ചുനേരം നിസ്കാരത്തിൽ മുന്നിടുന്ന നമ്മുടെ ഖിബ്‌ല നേരിൽ കണ്ടപ്പോൾ ഹൃദയം പ്രാർത്ഥനാനിർഭരമായി. കണ്ണുകൾ അറിയാതെ നിറഞ്ഞുപോയി. മതിവരുവോളം സംസം വെള്ളം കുടിച്ചു. സഫയും മർവയും മിനയും മുസ്ദലിഫയും ജംറകളുമെല്ലാം കണ്ടു. ഉമ്മുൽ മുഅ്മിനീൻ ഖദീജ ബീവി(റ)






അന്ത്യവിശ്രമം കൊള്ളുന്ന ജന്നത്തുൽ മുഅല്ല സന്ദർശിച്ചു. പിന്നീട് ഞങ്ങൾ മദീനയിലേക്ക് യാത്ര തിരിച്ചു. ഉഹ്ദ് മലയുടെ അരികിലൂടെയായിരുന്നു യാത്ര. യാത്രക്കിടയിൽ ഹംസ(റ)വിന്റെ മഖ്ബറയും ഞങ്ങൾ സന്ദർശിച്ചു.

മദീനയിലെ ആദ്യപള്ളിയായ മസ്ജിദുൽ ഖുബായിലെത്തിയപ്പോൾ മുത്തുനബി(സ)യുടെ ജീവിതസ്മരണകൾ എന്റെ മനസ്സിലൂടെ ഓരോന്നായി കടന്നുപോയി. ചരിത്രകഥകളിൽ മാത്രം കേട്ടു പരിചയമുള്ള നാടുകൾ നേരിൽ കാണുമ്പോൾ മനസ്സിൽ എന്തെന്നില്ലാത്ത സന്തോഷം! വൈകാതെ, ഞങ്ങൾ മസ്ജിദുന്നബവിയിലെത്തി. മുത്തുനബി(സ)യുടെ റൗളാശരീഫും അതിനു മീതെയുള്ള പച്ചഖുബ്ബയും ഏറെനേരം നോക്കി നിന്നു. അവിടം വിട്ടുപോകാൻ മനസ്സ് സമ്മതിക്കുന്നില്ല. കണ്ണുകൾ നിറഞ്ഞൊഴുകി. ഇനിയും അനേകം തവണ മദീനയിലെത്താനും മുത്തുനബി(സ)യോടൊപ്പം സ്വർഗ്ഗീയാരാമത്തിൽ ഒരുമിക്കാനും അല്ലാഹുവിനോട് ദുആ ചെയ്തു. ഇന്നും ആ സന്തോഷനിമിഷങ്ങൾ ഓർക്കുമ്പോൾ കണ്ണുകൾ നിറയും! ഹൃദയം പ്രാർത്ഥനകൾ കൊണ്ടു നിറയും! പൂങ്കാറ്റിൽ റൗളാശരീഫിലെ സുഗന്ധം വിരുന്നെത്തുന്നതായി തോന്നും.

***ഹിശാന തസ്നീം ഇ.കെ,***
***ക്ലാസ് 11, ഐനുൽഹുദാ***
***ഹയർ സെക്കന്ററി മദ്റസ***
***പുതിയങ്ങാടി, പുകയൂർ***

## കുഞ്ഞിപ്പൂമ്പാറ്റ

പൂ വിടർന്നു പൂന്തോട്ടത്തിൽ
വന്നൂ പൂമ്പാറ്റ
പൂവിൽ നിന്ന് തേൻ നുകർന്നു
പുള്ളിപ്പൂമ്പാറ്റ

പൂവുകളെല്ലാം ചുറ്റിനടന്നു
കണ്ടു പൂമ്പാറ്റ
പൂമ്പൊടിയുണ്ടു മയങ്ങിപ്പോയി
കുഞ്ഞിപ്പൂമ്പാറ്റ

***അൽഫയാസ് ഫസൽ, ക്ലാസ് 7,***
***ഹയാത്തുൽ ഇസ്‌ലാം ഇരുമ്പയം***

# കത്തുകൾ

പ്രിയപ്പെട്ട ബാലകുസുമത്തിന്,

ഓരോ മാസവും തീരാറായാൽ ദിവസങ്ങളെണ്ണി ഞാൻ നീ വരുന്നതും കാത്തിരിക്കും. നിന്നെ കിട്ടിയാൽ എനിക്ക് സന്തോഷമാകും. ആദ്യം വായിക്കുക അബൂട്ടിയാണ്; പിന്നെ ഹോജയും മിസ്റ്റർ മണ്ടപ്പനും സഫറുമെല്ലാം വായിക്കും. നീ തരുന്ന നല്ല അറിവുകളും ക്വിസ്സും എനിക്ക് സ്കൂളിൽ ജി.കെ ക്വിസിന് ഉപകാരപ്രദമാണ്. ഇനിയും തമാശകൾ നിറഞ്ഞ കഥകളും രസകരമായ കവിതകളും പുതുമയുള്ള വിഭവങ്ങളുമായി നീ വരുമെന്ന പ്രതീക്ഷയോടെ,

**സഹ്റ ഫാത്തിമ കെപി,**
**ക്ലാസ് 6, നൂറുൽ ഹുദാ മദ്റസ,**
**കുന്നത്തറ**



പ്രിയപ്പെട്ട ബാലകുസുമത്തിന്,

മദ്റസകളിൽ മാത്രമല്ല കേട്ടോ; സ്കൂളുകളിലുമുണ്ട് നിനക്ക് ഫാൻസ്. ഞങ്ങളുടെ ക്ലാസിലൊക്കെ നീയാണ് പ്രധാന ചർച്ചാവിഷയം. ഓരോരുത്തർക്കും വ്യത്യസ്ത പംക്തികളാണ് ഫേവറിറ്റ്. രസികന്മാർ ഹോജയെയും മിസ്റ്റർ മണ്ടപ്പനെയും ഇഷ്ടപ്പെടുന്നു. ചിലർക്ക് സഫറിന്റെ ഉപദേശകഥകളും ഗുണപാഠകഥകളുമാണ് പ്രിയം. മഹാന്മാരുടെ ചരിത്രവും ക്വിസ്സുകളുമൊക്കെ ഇഷ്ടപ്പെടുന്നവരുമുണ്ട് കേട്ടോ. സ്കൂൾ പഠനം മെച്ചപ്പെടുത്തുന്നതിനും പൊതുവിജ്ഞാനം നേടുന്നതിനുമെല്ലാം സഹായകമാണ് ഓരോ വിഭവങ്ങളും.



അനാഥനായ അബൂട്ടിയുടെ കഥ ഹൃദയവേദനയോടെയല്ലാതെ വായിച്ചുതീർക്കാൻ കഴിയില്ല. ഇപ്രാവശ്യം മദ്റസയിൽ പുതുതായി ചേർന്ന കുട്ടികൾ കുസുമത്തിന്റെ വരിക്കാരാകാൻ ആഗ്രഹിക്കുന്നുണ്ട്. അവരെ ചേർക്കാൻ എന്തെങ്കിലും വഴിയുണ്ടോ? മറുപടി തരണേ. ഇനിയും ഒരുപാട് നല്ല വിഭവങ്ങളുമായി നീ വരുമെന്ന പ്രതീക്ഷയോടെ,

**എഴുത്തുകൂട്ടം**
**മുഹിമ്മാത്തുദ്ദീൻ മദ്റസ**
**പുത്തിഗെ, കാസറഗോഡ്**

നബികഥ

# കുരുവിയും കുഞ്ഞുങ്ങളും

സ്വഹാബത്തുമൊത്ത് ഒരു യാത്രയിലായിരുന്നു തിരുനബി(സ). അവിടുന്ന് എന്തോ ആവശ്യത്തിന് അകലെയെങ്ങോ പോയപ്പോൾ സ്വഹാബികൾ ഒരു കുരുവിയെ കണ്ടു. കൂടെ രണ്ട് കുഞ്ഞുങ്ങളുമുണ്ട്. കൗതുകം തോന്നിയപ്പോൾ സ്വഹാബികളിൽ ചിലർ കുരുവിക്കുഞ്ഞുങ്ങളെ പിടിച്ചു. ഇതു കണ്ട അമ്മക്കുരുവി കുഞ്ഞുങ്ങൾ നഷ്ടപ്പെട്ടതിന്റെ പരിഭ്രാന്തിയോടെയും വിഷമത്തോടെയും ശബ്ദമുണ്ടാക്കി അങ്ങുമിങ്ങും പറക്കാൻ തുടങ്ങി.

തിരുനബി(സ) തിരിച്ചുവന്നപ്പോൾ വിഷമത്തോടെ അങ്ങുമിങ്ങും പറക്കുന്ന അമ്മക്കുരുവിയെ കണ്ടു. അവിടുന്ന് ചോദിച്ചു: 'കുഞ്ഞുങ്ങളെ പിടിച്ച് ഈ പക്ഷിയെ വിഷമിപ്പിച്ചതാരാണ്? കുഞ്ഞുങ്ങളെ അതിന് തിരിച്ചു നൽകൂ.'

സ്വഹാബത്ത് ഉടനെ കുഞ്ഞിക്കുരുവികളെ അമ്മക്കുരുവിക്ക് തിരിച്ചുനൽകി. അപ്പോൾ അവയുടെ സന്തോഷം കണ്ട്തിരുനബി(സ)യുടെയും സ്വഹാബികളുടെയും മനസ്സുനിറഞ്ഞു.

പട്ടണക്കാട് അബ്ദുൽഖാദിർ




**ഫാതിമ ലുബാബ കെ.പി** (മഅ്ദിനുൽ ഉലൂം മദ്റസ, മേലേപറമ്പ്)
**മുഹമ്മദ് അമാൻ** (മദ്റസതുൽ അഹ്ദലിയ്യ, അജികുമാർ)
**ഫിദ ഫാതിമ കെ** (മർകസുൽ ഉലൂം മദ്റസ,ചെന്നാലംകുണ്ട്)



## ഇന്ത്യയിലെ സംസ്ഥാനങ്ങൾ 6

# ഒഡീഷ

- തലസ്ഥാനം: ഭുവനേശ്വർ
- വിസ്തീർണം: 1,55,707 ച.കി.മീ
- ജനസംഖ്യ: 4,19,74,218
- ജനസാന്ദ്രത: 270/ച.കി.മീ
- സ്ത്രീപുരുഷാനുപാതം: 979/1000
- സാക്ഷരത: 72.87%
- ഭാഷ: ഒഡിയ
- ലോക്സഭാ സീറ്റുകൾ: 21
- രാജ്യസഭാ സീറ്റുകൾ: 10
- അസംബ്ലി സീറ്റുകൾ: 147

### ചരിത്രം

പ്രാചീനകാലത്ത് കലിംഗ, ഉത്കൽ, ഒദ്ര എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു. 1956ലെ സംസ്ഥാന പുനഃസംഘടനാ നിയമപ്രകാരം ഒഡീഷ സംസ്ഥാനം നിലവിൽവന്നു. 113-ാമത് ഭരണഘടനാ ഭേദഗതിബിൽ (ഒറീസ, പേരുമാറ്റബിൽ 2010) പാർലമെന്റ് പാസാക്കിയതിനെത്തുടർന്ന് 2011 നവംബർ ഒന്നിന് സംസ്ഥാനത്തിന്റെ പേര് ഒഡീഷ എന്നായി. ഇതോടൊപ്പം ഒറിയ ഭാഷയുടെ പേര് ഒഡിയ എന്നാക്കി.

### ജില്ലകൾ

1. മയൂർഭഞ്ച, 2. ബാലസോർ, 3. ഭദ്രക്, 4. കേഓഞ്ചർ, 5. ജാജ്പുർ, 6. കേന്ദ്രപാറ, 7. ജഗത്സിങ്പുർ, 8. കട്ടക്ക്, 9. ധെങ്കനാൽ, 10. അങ്കൽ, 11. കാന്ധമൽ, 12. നയാഗഡ്, 13. ഖുർഡാ, 14. പുരി, 15. ഗഞ്ചം, 16. ഗജതി, 17. റായഗഡാ, 18. കോരാപുട്, 19. മൽകാൻഗിരി, 20. നവരങ്പൂർ, 21. കലഹന്ദി, 22. നുവാപാഡ, 23. ബലൻഗീർ, 24. സോണെപൂർ, 25. സുന്ദർഗഡ്, 26. ബാർഗഡ്, 27. സാംബൽപുർ, 28. ബൗധ്, 29. ദേവ്ഗഡ്, 30. ജാർസു.

### അതിർത്തികൾ

വടക്ക് - ജാർഖണ്ഡ്
വടക്കുകിഴക്ക് - പശ്ചിമബംഗാൾ
കിഴക്ക് - ബംഗാൾ ഉൾക്കടൽ
തെക്ക് - ആന്ധ്രപ്രദേശ്
പടിഞ്ഞാറ് - ഛത്തീസ്ഗഡ്




മിസ്റ്റർ
മണ്ടപ്പൻ
ബിഗ് ബ്രേകിംഗ്! കുപ്ര സിദ്ധ മോഷ്ടാവ് തുരപ്പൻ മങ്കി ജയിൽ ചാടി.
പണ്ട് മാർക്കറ്റിൽ നിന്ന് പഴം മോഷ്ടിച്ചപ്പോൾ ന മ്മൾ പിടികൂടിയവന ല്ലേ ഈ തുരപ്പൻ?
അതേ, അണ്ണേ. മുറിവാലനാണ് മരത്തിൽ കയ റാൻ അറിയില്ല.
വാർത്തകൾ വിശദമായി... അതീ വ സുരക്ഷയുള്ള സെല്ലിൽ നിന്ന് തറയിലെ മണ്ണ് തുരന്നാണ് തുര പ്പൻ മങ്കിരക്ഷപ്പെട്ടത്.
ങേ! ഇങ്ങനെയുമു ണ്ടോ കുരങ്ങന്മാർ?


ആ ഫോൺ സൈ
ലന്റാക്കിയേക്ക് അ
ണ്ണേ. ഏമാൻമാർ ഇ
പ്പോൾ വിളിക്കും.
ഫോൺ
എപ്പോഴോ സ്വിച്ച്
ഓഫ് ആക്കി.
പ്രാതൽ വേണ്ടേ
അണ്ണേ? വിശപ്പി
ന്റെ ഉദരസംഗീതം
കേൾക്കുന്നു.
ആർക്കാണിവിടെ വി
ശപ്പില്ലാത്തത്? വണ്ടി
യെട് മച്ചൂ, സിറ്റി പാല
സിലേക്ക്.
അപ്പന്മാർ ബൈക്കിൽ,
എനിക്കാ അഭി
പ്രായം മുമ്പേ
ഉള്ളതാണ്.
നോൺവെജ് തിന്നു
മടുത്തിട്ടാണത്രേ മ
ങ്കിയാശാൻ ജയിൽ
ചാടിയത്.
നമുക്കും ഏതെങ്കി
ലും ജയിലിൽ കയറി
യാലോ മച്ചൂ?


ഓരോ ദിവസവും വട്ടച്ചില വിനു വക കണ്ടെത്താനു ള്ള പാട് നോക്കുമ്പോൾ ജയിൽ തന്നെയാണ് ഭേദം എന്നു തോന്നുന്നു.
ഗവൺമെന്റി ന്റെ ചെലവിൽ ആഡംബര ജീ വിതം!
അപ്പന്മാർ സിറ്റിപാലസിനു മുമ്പിൽ,
CITY PALACE
CLOSED
ങേ! സിറ്റിപാലസ് അടച്ചിരിക്കുക യാണല്ലോ!
സമയം ഒമ്പതുമ ണി കഴിഞ്ഞു. വാട്ട് ഹാപ്പെന്റ്?
ദേ, അണ്ണേ! അവിടെയൊരു ആൾക്കൂട്ടം.
കമോൺ, ചോദി ച്ചു നോക്കാം.
ങേ! ജ്വല്ലറിയിൽ മോഷണമോ?


സിറ്റിപാലസ് ഹോട്ടലിൽ നിന്ന് ജ്വല്ലറിയിലേക്ക് തുരങ്കം ഉണ്ടാക്കിയെന്ന്!
ഓഹോ! ഇതപ്പോൾ ആ തുരപ്പന്റെ പണി തന്നെ!
നോ ഡൗട്ട്!
എങ്കിൽ മറ്റൊരു ഹോട്ടലിലേക്ക് വിടാം മച്ചൂ. വിശപ്പ് സഹിക്കാൻ വയ്യ!
മോഷണകലയിൽ തുരപ്പൻ ബഹു കേമനാണ്.
പറയാനുണ്ടോ!
അപ്പന്മാർ മറ്റൊരു ഹോട്ടലിൽ,
ചിക്കൻ ദർബാർ ഉള്ളതുകൊണ്ട് രക്ഷപ്പെട്ടു.
ഹും.
ങേ! അണ്ണേ, അതുകണ്ടോ?


ആ മങ്കിയണ്ണനെ കണ്ടിട്ട് എന്തോ പന്തികേടുണ്ടല്ലോ.
യെസ്! അവനു വാലുണ്ടോ എന്നു നോക്കട്ടെ.
മണ്ടപ്പൻ എണീറ്റതും,
നിൽക്കെടാ അവിടെ!
ഹയ്യോ! ഇത് പാവം തുരപ്പനാണേ!
ഹയ്യോ!
ഹറിയപ്പ്! ഫോളോ ഹിം.
പിടിയവനെ!


ഹുയ്യോ! വീണേയ്.
കിട്ടിപ്പോയ്, തുരപ്പനെ കിട്ടിപ്പോയ്!
ഹമ്പട തുരപ്പാ... അപ്പന്മാരുടെ മട യിൽ തന്നെ ചെന്നു വീണല്ലോ.
വൈകാതെ ഏമാന്മാർ സ്ഥലത്ത്,
റോഡിലെ കുഴി കൾ നമ്മുടെ നാടി ന്റെ ഐശ്വര്യം!
നോൺവെജ് തന്ന് കനിയണം സാറേ!
നിന്നെ ജയിൽ മാറ്റാൻ പോ കുന്നു.

● ടോൾസ്റ്റോയ് കഥ

പുന: സത്യൻ കല്ലുരുട്ടി

# കടലിലെ ജലം

രണ്ടു സുഹൃത്തുക്കൾ കടൽക്കരയിലൂടെ നടക്കുകയായിരുന്നു. അപ്പോൾ അവരിലൊരാൾ കൂട്ടുകാരനോട് പറഞ്ഞു:

'എനിക്ക് ഈ കടലിലെ വെള്ളം മുഴുവൻ കുടിച്ചു വറ്റിക്കാൻ കഴിയും!'

'അസാധ്യം! ഒരിക്കലും കഴിയില്ല!' കൂട്ടുകാരൻ പ്രതികരിച്ചു.

'കഴിയും. വേണമെങ്കിൽ താങ്കൾ പന്തയം വെച്ചോളൂ!'



അങ്ങനെ അവർ ആയിരം റൂബിളിന് പന്തയം വെച്ചു.

അടുത്ത ദിവസം കടൽക്കരയിൽ വലിയ ജനക്കൂട്ടം ഒരുമിച്ചുകൂടി. ഒരാൾ കടൽ വെള്ളം കുടിച്ചുവറ്റിക്കാൻ പോകുന്നുവെന്ന വാർത്ത കേട്ട് എത്തിയതായിരുന്നു എല്ലാവരും.

'ശരി, വേഗം കടൽവെള്ളം കുടിച്ചുവറ്റിക്കൂ!' ജനങ്ങളെല്ലാം ആവശ്യപ്പെട്ടു.

അപ്പോൾ അയാൾ പറഞ്ഞു: 'ഈ കടലിലെ വെള്ളം കുടിച്ചുവറ്റിക്കാമെന്നാണ് ഞാൻ പറഞ്ഞത്. കടലിലേക്കൊഴുകിവരുന്ന പുഴകളിലെയും അരുവികളിലെയും വെള്ളമല്ല. ആദ്യം പുഴകളിൽ നിന്നും അരുവികളിൽ നിന്നും കടലിലേക്ക് ജലമെത്തുന്നത് തടയൂ. എന്നിട്ടു വേണം എനിക്ക് കടൽവെള്ളം കുടിച്ചുവറ്റിക്കാൻ!'

അതൊരിക്കലും സാധ്യമല്ലല്ലോ എന്നോർത്ത് ആളുകൾ ലജ്ജിച്ചുതലതാഴ്ത്തി.

# സൂക്ഷിച്ചോ...!

കുരയൻ നായക്കരികിൽ ചെന്നാൽ
കടികിട്ടീടും സൂക്ഷിച്ചോ..!
കൊമ്പൻകാളയ്ക്കരികിൽ ചെന്നാൽ
കുത്തിക്കൊല്ലും സൂക്ഷിച്ചോ..
മൂർഖൻ പാമ്പിന്നരികിൽ ചെന്നാൽ
കൊത്തിക്കൊല്ലും സൂക്ഷിച്ചോ..
ആളും തരവും നോക്കാതാരും
അരികെച്ചെല്ലാൻ തുനിയരുതേ..!



ആനപ്പുഴക്കൽ അനിൽ

## വഴി കാണിക്കാമോ?

വഴിയറിയാതെ
മാളത്തിനകത്ത്
കുടുങ്ങിപ്പോയ
മാത്തൻഞണ്ടിന്
പുറത്തുകടക്കണം.
കൂട്ടുകാർ
സഹായിക്കാമോ?



## എണ്ണമെഴുതാം

ജാറിലെ മത്സ്യങ്ങളുടെ ആകെ
എണ്ണം വൃത്തത്തിലെഴുതൂ...



## വരക്കാൻ പഠിക്കാം



1 2 3 4

## വ്യത്യാസങ്ങൾ കണ്ടെത്താമോ?

**ഒരുപോലെ തോന്നുന്ന ഈ ചിത്രങ്ങൾ തമ്മിൽ 5 വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?**



## നിറം നൽകാം

**ചിത്രത്തിന് അനുയോജ്യമായ നിറം നൽകൂ.**



Current Affairs

## നിസാർ ഭ്രമണപഥത്തിൽ

നാസയും ഐഎസ്ആർഒയും സംയുക്തമായി വികസിപ്പിച്ച ഭൗമനിരീക്ഷണ ഉപഗ്രഹമായ നിസാർ (NISAR) വിജയകരമായി വിക്ഷേപിച്ചു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പെയ്സ് സെന്ററിൽനിന്ന് ജൂലായ് 30ന് വൈകിട്ട് 5.40ന് ഇന്ത്യയുടെ ജിഎസ്എൽവി - എഫ് 16 റോക്കറ്റിലായിരുന്നു വിക്ഷേപണം. 19 മിനിറ്റിനുള്ളിൽ ലക്ഷ്യസ്ഥാനത്തെത്തി. നാസ - ഐഎസ്ആർഒ സിന്തറ്റിക് അപ്പർച്ചർ റഡാർ എന്നതാണ് നിസാറിന്റെ പൂർണ രൂപം. 746 കിലോമീറ്റർ അകലെയുള്ള ഭ്രമണപഥത്തിലൂടെയാവും നിസാർ ഭൂമിയെ ചുറ്റുക. 2392 കിലോഗ്രാമാണ് ഭാരം.

## വിട വിഎസ്

ഇന്ത്യൻ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ തലമുതിർന്ന നേതാവും കേരളത്തിന്റെ മുൻമുഖ്യമന്ത്രിയുമായ വി.എസ്.അച്യുതാനന്ദൻ(101) ജൂലൈ 21 ന് അന്തരിച്ചു. സിപിഎമ്മിന് രൂപം കൊടുത്ത 32 പേരിൽ വിടവാങ്ങുന്ന അവസാന നേതാവാണ് വിഎസ്. 2006ൽ 82-ാം വയസ്സിൽ മുഖ്യമന്ത്രി സ്ഥാനമേറ്റ അദ്ദേഹം കേരളത്തിലെ ഏറ്റവും പ്രായം കൂടിയ മുഖ്യമന്ത്രി എന്ന റെക്കോർഡിനുടമയാണ്. കേരളനിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും പ്രായം കൂടിയ അംഗം എന്ന റെക്കോർഡും കേരളത്തിൽ ഏറ്റവും കൂടുതൽ കാലം (14 വർഷം) പ്രതിപക്ഷ നേതാവായതിന്റെ റെക്കോർഡും വിഎസിന്റെ പേരിലാണുള്ളത്.

## ദിവ്യകിരീടം

ജോർജിയയിലെ ബാതുമി വേദിയായ വനിതാലോകകപ്പ് ചെസ് ചാംപ്യൻഷിപ്പിൽ ഇന്ത്യയുടെ ദിവ്യ ദേശ്മുഖ് ജേതാവായി. ആദ്യമായാണ് വനിതാ ചെസ് ലോകകപ്പ് കിരീടം ഇന്ത്യയിലെത്തുന്നത്. ഫൈനലിൽ ഇന്ത്യയുടെതന്നെ കൊനേരു ഹംപിയെ പരാജയപ്പെടുത്തിയാണു മഹാരാഷ്ട്രയിൽ നിന്നുള്ള യുവതാരമായ ദിവ്യ ദേശ്മുഖ് ചരിത്രം രചിച്ചത്. ദിവ്യയ്ക്ക് 50,000 ഡോളർ (43.33 ലക്ഷം രൂപ) സമ്മാനമായി ലഭിച്ചു.

## ഖാലിദ് ജമീൽ കോച്ച്

ഇന്ത്യൻ പുരുഷ ഫുട്ബോൾ ടീമിന്റെ പുതിയ പരിശീലകനായി മുൻഇന്ത്യൻ താരം ഖാലിദ് ജമീലിനെ അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ പ്രഖ്യാപിച്ചു. 2005ൽ സുഖ്വിന്ദർ സിങ്ങിനു ശേഷം ഇന്ത്യൻ ചീഫ് കോച്ചാകുന്ന ആദ്യ ഇന്ത്യൻ പരിശീലകനാണു ജമീൽ. ഇംഗ്ലിഷ് പരിശീലകൻ സ്റ്റീഫൻ കോൺസ്റ്റന്റെൻ, സ്ലൊവാക്യൻ പരിശീലകൻ സ്റ്റെഫാൻ തർക്കോവിച്ച് എന്നിവരെ പിന്തള്ളിയാണ് ഐഎസ്എലിൽ ജംഷഡ്പുർ എഫ്സി കോച്ചായിരുന്ന ജമീലിനെ എഐഎഫ്എഫ് തിരഞ്ഞെടുത്തത്.




# ഇടയൻ

## പുല്ലമ്പാറ ശംസുദ്ദീൻ

**പു**ല്ലമ്പാറ ശംസുദ്ദീൻ രചിച്ച ഇടയൻ എന്ന പുസ്തകം വായിച്ചു. ബാദൂർ എന്നുപേരുള്ള ദാഹിച്ചുവലഞ്ഞ ഒരിടയനാണ് കഥയിലെ ആദ്യരംഗത്തിലുള്ളത്.

മഹാനായ ലുഖ്മാനുൽ ഹകീം(റ) വിന്റെ ഉപ്പയാണത്. തിന്മകളിൽ നിന്നകന്ന് വിശുദ്ധജീവിതം നയിച്ച ബാദൂർ ഏകനായ അല്ലാഹുവിനെ ആരാധിച്ചു. ഭക്തിയും സൽസ്വഭവവുമുള്ള ഒരു ഭാര്യയെ അന്വേഷിച്ച് അയാൾ വീടുവീടാന്തരം കയറിയിറങ്ങി. ഒടുവിൽ അദ്ദേഹം കൊതിച്ച പോലെ ഒരു ഇണയെ ലഭിക്കുകയും വർഷങ്ങൾക്കു ശേഷം അവർക്കൊരു കുഞ്ഞ് ജനിക്കുകയും ചെയ്തു. കുഞ്ഞിനവർ ലുഖ്മാൻ എന്ന് പേരിട്ടു. മഹാന്മാരെയും പണ്ഡിതന്മാരെയും കുറിച്ച് ഉമ്മ പറഞ്ഞുകൊടുത്ത കഥകൾ കേട്ട് ലുഖ്മാൻ വളർന്നു. മകനെ വലിയൊരു പണ്ഡിതനാക്കണമെന്ന് ബാദൂറും പ്രിയതമയും ആഗ്രഹിച്ചു. നാട്ടിലുള്ള വലിയൊരു സൂഫീപണ്ഡിതന്റെയടുത്ത് ലുഖ്മാൻ പഠനമാരംഭിച്ചു.

നിരവധി പ്രതിസന്ധികളെ തരണം ചെയ്തുപഠിച്ച ലുഖ്മാൻ വലിയൊരു പണ്ഡിതനായി മാറി. ഉമ്മയെയും ഉപ്പയെയും പരിപാലിക്കാൻ വേണ്ടി ആടുമേയ്ച്ചു നടന്നു. നാളുകൾ അനേകം കഴിഞ്ഞപ്പോൾ ഉമ്മയും ഉപ്പയും വിടപറഞ്ഞു. ലുഖ്മാൻ(റ) വീണ്ടും പർണ്ണശാലയിലെത്തി. ഗുരു അദ്ദേഹത്തെ ഹകീം എന്നു വിളിച്ച് ആശീർവദിച്ചു. തുടർന്ന് ഒരാണ്ടുകാലം ദാവൂദ്നബി(അ) യുടെ അരികിൽ താമസിച്ചു. ശേഷം, ജനസേവനത്തിനിറങ്ങി. ഇതിനിടെ ഔലിയാക്കളിലെ ഖുതുബ്പദവി കൈവരിച്ച മഹാൻ ഒരുപാട് നാടുകളിലൂടെ സഞ്ചരിച്ചു. ഒരിക്കൽ തുറുങ്കിലകപ്പെട്ട മഹാനവർകൾ അത്ഭുതകരമായി രക്ഷപ്പെട്ടു. ശിഷ്ടകാലം ഒരാളുടെ ഭൃത്യനായി കഴിഞ്ഞുകൂടി. അല്ലാഹുവിന്റെ പ്രീതി നേടിയ ആ മഹാൻ ഒരുപാട് മനസ്സുകളിൽ ആത്മജ്ഞാനത്തിന്റെ പ്രകാശം ചൊരിഞ്ഞു.

വായനക്കാരന്റെ കണ്ണുനിറയ്ക്കുന്ന പുല്ലമ്പാറ ശംസുദ്ദീന്റെ ചരിത്രാഖ്യാനം ഏറെ മനോഹരം!

ഫാത്വിമ റാഹില
മർകസുൽഅബ്റാർ, മണ്ണാർക്കാട്

# English Corner

**Story Line**

## The frog and the mouse



The frog and the mouse were good friends. They lived on one side and the other of a lake. The frog used to swim across the lake every day to visit the mouse. They would eat and talk together. One day the frog asked the mouse: 'Will you come to my house today?'

The mouse said: 'That’s right, friend. But, I can't swim.'

The frog said: 'Don't worry! Sit on my back. I will take you to the other side.' The mouse happily sat upon the frog. The frog started swimming. However, when they reached the middle of the lake, the frog dived under the water and tried to harm the mouse.

The mouse, who was frightened, cried out loudly: 'Help! Help!' An eagle that was flying in the sky saw the screaming mouse and quickly came down and snatched the mouse. Since the frog was holding on tightly to the mouse, the eagle took both of them and killed them.

**Moral of the story: Don't cheat your friends.**



# തവളയും എലിയും

തവളയും എലിയും നല്ല സുഹൃത്തുക്കളായിരുന്നു. ഒരു തടാകത്തിന്റെ അപ്പുറത്തും ഇപ്പുറത്തുമായാണവർ കഴിഞ്ഞിരുന്നത്. തവള എല്ലാ ദിവസവും തടാകത്തിലൂടെ നീന്തി വന്ന് എലിയെ സന്ദർശിക്കാറുണ്ടായിരുന്നു. അവർ ഒരുമിച്ച് ഭക്ഷണം കഴിക്കുകയും സംസാരിക്കുകയും ചെയ്യും.

ഒരു ദിവസം തവള എലിയോട് ചോദിച്ചു: 'നീ ഇന്ന് എന്റെ വീട്ടിലേക്ക് വരുന്നോ?' എലി പറഞ്ഞു: 'അതിനു സുഹൃത്തേ, എനിക്ക് നീന്താൻ കഴിയില്ലല്ലോ.' തവള പറഞ്ഞു: 'വിഷമിക്കേണ്ട! എന്റെ പുറകിലിരുന്നോളൂ. ഞാൻ നിന്നെ അക്കരേക്ക് കൊണ്ടുപോകാം.' എലി സന്തോഷത്തോടെ തവളയുടെ പുറകിലിരുന്നു. തവള നീന്താൻ തുടങ്ങി. എന്നാൽ, തടാകത്തിനു നടുവിലെത്തിയപ്പോൾ തവള വെള്ളത്തിനടിയിലേക്കിറങ്ങി എലിയെ അപായപ്പെടുത്താൻ ശ്രമിച്ചു. ഭയന്നുപോയ എലി ഉറക്കെ കരഞ്ഞു: 'സഹായിക്കൂ! സഹായിക്കൂ!' ആകാശത്ത് പറന്നു നടക്കുകയായിരുന്ന ഒരു പരുന്ത് നിലവിളിക്കുന്ന എലിയെ കണ്ട് വേഗത്തിൽ താഴേക്കു വന്ന് എലിയെ റാഞ്ചിയെടുത്തു. തവളയെ എലി മുറുകെ പിടിച്ചിരുന്നതിനാൽ പരുന്ത് രണ്ടുപേരെയും കൊണ്ടുപോയി വകവരുത്തി.

❖

ഗുണപാഠം:
സുഹൃത്തുക്കളെ വഞ്ചിക്കരുത്.

# Tenses

## 8. Past Perfect Continuous Tense

The past perfect continuous tense, is defined as a tense form used to indicate an action or a situation that continued for a period of time before another action or situation in the past.

### Structure

**Subject + had + been + present participle (verb+ing) + the rest of the sentence**

### Positive

- I had been cooking my mom's favourite dish when she walked into the kitchen.

### Negative

- I had not been cooking my mom's favourite dish when she walked into the kitchen.

### Interrogative

- Had I been cooking my mom's favourite dish when she walked into the kitchen?

### Negative Interrogative

- Hadn't I been cooking my mom's favourite dish when she walked into the kitchen?
- Had you not been cooking your mom's favourite dish when she walked into the kitchen?

## USES OF PAST PERFECT CONTINUOUS TENSE

**1. Continuing an action up to a point in the past:**

This tense highlights the duration of an action that was in progress before another past event.

Example: "I had been working on the report all morning when the power went out"

**2. Explaining the cause of a past event:**

It can show how an on-going action led to a specific result in the past.

Example: "The ground was wet because it had been raining,"

**3. Describing a past action with a focus on its duration:**

It emphasizes the length of time an action was happening before another past action or time.

Example: "She had been studying for hours before the exam,"

**Poem**

## *The tree, an umbrella*

Pitter patter falls the rain
The tree becomes a shelter again
Not a single drop falls near
Birds are safe, resting here.



**Salam Thirumala**


Master
Imitable
Adhil, where you going?
I am going to town. Do you like to follow me?
Is there anything special?
Nothing special. But, to get some groceries.
Is it is a cloth bag?
Yes. It was made by mother herself.
Great. But, don't you get plastic covers from there?
Yes, I can. But, it's harmful to us in different ways.
It's cute idea. I would like to come with you.


In the market,
I want some vegetables.
It's okay. You can choose it and put in to this basket.
Are you used to eat vegetables?
Sure, I am a big fan of Sambar and salads.
I wouldn't like these kinds of vegetables. I want chicken or beef every day.
Remember, it's not at all good for your health.
You should include green leaves, vegetables and fruits in your diet.
Father used to remind me that. But...
You should consider the nutrition of the food more than its taste.
It's okay Adhil. I shall be vigilant of that.
Then see you later. Assalam alaikum.
See you. Va alikum assalam.

# WORD PUZZLE

Read the story
**'The frog and the mouse'**
find the underlined words and try
to find out its meaning.

| | | | | | | |
|---|---|---|---|---|---|---|
| M | O | U | S | E | L | H |
| I | M | I | W | S | A | O |
| D | D | F | E | A | K | U |
| D | M | R | A | H | E | S |
| L | G | O | S | K | Y | E |
| E | A | G | L | E | D | L |
| W | A | T | E | R | E | N |

# Name me



L



L



L

ANS: Lemon, Leopard, Lion

# Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | | 3 | | 2 | 4 | 7 | | |
| | | 8 | 1 | | 5 | 6 | | 2 |
| 4 | | | 9 | | 7 | | | 8 |
| | | | | 5 | 2 | | | 6 |
| | 4 | | | | 1 | 8 | 5 | |
| | 1 | | 6 | | | 4 | | |
| 5 | | 2 | | 9 | | | 8 | |
| 8 | | | | | 6 | | 7 | 5 |
| | | 9 | 5 | | | | | |

# Sudoku

ANSWER
**2025 August Issue**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 8 | 6 | 7 | 2 | 3 | 4 | 1 | 9 | 5 |
| 4 | 2 | 5 | 1 | 6 | 9 | 3 | 7 | 8 |
| 9 | 1 | 3 | 5 | 8 | 7 | 6 | 2 | 4 |
| 3 | 5 | 9 | 6 | 1 | 8 | 7 | 4 | 2 |
| 2 | 8 | 1 | 4 | 7 | 5 | 9 | 6 | 3 |
| 7 | 4 | 6 | 3 | 9 | 2 | 5 | 8 | 1 |
| 1 | 9 | 8 | 7 | 2 | 3 | 4 | 5 | 6 |
| 6 | 7 | 4 | 8 | 5 | 1 | 2 | 3 | 9 |
| 5 | 3 | 2 | 9 | 4 | 6 | 8 | 1 | 7 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**